
VOL NO: 08 I ISSUE 25
2024 JUNE 22 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

ദുർബലമെങ്കിലും ഫാഷിസ്റ്റ് അജണ്ടകളെ കൈവെടിഞ്ഞൊന്നുമല്ല മൂന്നാം NDA സർക്കാറും അധികാരമേൽക്കുന്നത്. ഭീതിയുടെ നാളുകളിൽ ഐക്യപ്പെട്ട സമുദായ മനസ്സുകളിൽ ശൈഥില്യം കടന്നുവരുന്നതും ധ്രുവീകരണ ശ്രമങ്ങൾ മുളപൊട്ടുന്നതും സഹതാപത്തോടെ മാത്രമെ നോക്കിക്കാണാനാവൂ.

## സംഘടിത മുന്നേറ്റങ്ങളെ നിരാകരിക്കുന്ന വർത്തമാന രാഷ്ട്രീയം



### ഹിജാബ് വലിച്ചെറിയണമെന്നോ?

- || സമയമായില്ല പോലും!
- || മഴ; അനുഗ്രഹവും ദൃഷ്ടാന്തവും
- || ഹജ്ജും മുസ്‌ലിയാക്കന്മാരുടെ ദുർവ്യാഖ്യാനങ്ങളും




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

0387
# നേർപഥം
വാരിക

2024 ജൂൺ 22
1445 ദുൽഹിജ്ജ 15
പുസ്തകം 08 / ലക്കം 25




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




**മുജീബ് ഒട്ടുമ്മൽ**

ദുർബലമെങ്കിലും ഫാഷിസ്റ്റ് അജണ്ടകളെ കൈവെടിഞ്ഞൊന്നുമല്ല മൂന്നാം NDA സർക്കാറും അധികാരമേൽക്കുന്നത്. ഭീതിയുടെ നാളുകളിൽ ഐക്യപ്പെട്ട സമുദായ മനസ്സുകളിൽ ശൈഥില്യം കടന്നുവരുന്നതും ധ്രുവീകരണ ശ്രമങ്ങൾ മുളപൊട്ടുന്നതും സഹതാപത്തോടെ മാത്രമെ നോക്കിക്കാണാനാവൂ.

**04** ക്വുർആൻ പാഠം
മഴ; അനുഗ്രഹവും ദൃഷ്ടാന്തവും
ശമീർ മദീനി

**05** മുഖമൊഴി
സാംസ്കാരിക നായകരോട് പറയാനുള്ളത്

**06** വനിതാപഥം
ഹിജാബ് വലിച്ചെറിയണമെന്നോ?
ബിസ്മിത എം

**08** ലേഖനം
ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**18** ചരിത്രപഥം
നാലാം വാർഷിക സമ്മേളന അവലോകനം
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ: യാസീൻ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** വിമർശനം
ഹജ്ജും മുസ്‌ലിയാക്കന്മാരുടെ ദുർവ്യാഖ്യാനങ്ങളും
മൂസ സ്വലാഹി കാര

**31** ലേഖനം
സ്രഷ്ടാവിനെ സൃഷ്ടികളുമായി താരതമ്യം ചെയ്യരുത്
മെഹബൂബ് മദനി, ഒറ്റപ്പാലം

**34** കാഴ്ച
സമയമായില്ല പോലും!
ഇബ്നു അലി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

ശമീർ മദീനി

# മഴ; അനുഗ്രഹവും ദൃഷ്ടാന്തവും

أَفَرَأَيْتُمُ الْمَاءَ الَّذِي تَشْرَبُونَ ﴿٦٨﴾ أَأَنتُمْ أَنزَلْتُمُوهُ مِنَ الْمُزْنِ أَمْ نَحْنُ الْمُنزِلُونَ ﴿٦٩﴾ لَوْ نَشَاءُ جَعَلْنَاهُ أُجَاجًا فَلَوْلَا تَشْكُرُونَ ﴿٧٠﴾

'ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൻനിന്ന് ഇറക്കിയത്? അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദികാണിക്കാത്തതെന്താണ്?' (ക്വുർആൻ 56:68-70)

വെള്ളം ജീവന്റെ അടിസ്ഥാന ഘടകമാണ്. വെള്ളത്തിന്റെ അഭാവത്തിൽ സസ്യലതാദികൾക്കോ ജന്തുജാലങ്ങൾക്കോ നിലനിൽപുണ്ടാവില്ല. നമ്മുടെ ഈ അടിസ്ഥാനാവശ്യത്തിന്റെ കാര്യമായ സ്രോതസ്സ് മഴയാണുതാനും. അതിനാൽ മഴയുടെ അഭാവത്തിൽ വരൾച്ചയുണ്ടാവുകയും അതോടനുബന്ധിച്ച് സസ്യലതാദികളും ജന്തുജാലങ്ങളും നശിക്കുകയും ചെയ്യുന്നു. കുടിക്കാനും കുളിക്കാനും മറ്റുമായി യഥേഷ്ടം നാം വെള്ളമുപയോഗിക്കുന്നു. എന്നാൽ ഈ തെളിനീർ നമുക്ക് ആര് നൽകുന്നുവെന്ന് നമ്മിൽ പലരും ചിന്തിക്കാറില്ല. അത് പ്രകൃതിയുടെ കേവലമായ ഒരു പ്രതിഭാസമാണെന്നോ യാദൃച്ഛികതയാണ് അതിനു പിന്നിലെന്നോ പറയാൻ ചിന്തിക്കുന്നവർക്കു സാധ്യമല്ല.

രണ്ട് ഹൈഡ്രജൻ തന്മാത്രകളും ഒരു ഓക്സിജൻ തന്മാത്രയും കൂടിച്ചേർന്നതാണ് വെള്ളമെന്ന് ശാസ്ത്രം വിശദീകരിക്കുമ്പോൾ ഒരിക്കലും ആ മഹാ അനുഗ്രഹത്തിന്റെ പിന്നിലുള്ള സംവിധായകനെ നിഷേധിക്കാനല്ല ബുദ്ധിയും വിനയവുമുള്ള വിശ്വാസികൾ തയാറാവുക. മറിച്ച് ആ അനുഗ്രഹ ദാതാവിന്റെ മുന്നിൽ നമ്രശിരസ്കരാവുകയാണ് അവർ ചെയ്യുക. കാരണം സ്വയം കത്തുന്നതും മറ്റൊന്നിനെ കത്താൻ സഹായിക്കുന്നതുമായ രണ്ട് മൂലകങ്ങൾ ചേർന്നിട്ട് അത്യുന്നമായ ഒരു ഇന്ധനമല്ല ഉണ്ടായത്. മറിച്ച് തീ കെടുത്താൻ പറ്റുന്ന എതിർ സ്വഭാവമുള്ള മറ്റൊന്ന്! അത് ആര് സംവിധാനിച്ചു? കേവല യാദൃച്ഛികതയോ? ഇതേയളവിൽ ആ തന്മാത്രകളെ സമന്വയിപ്പിച്ചത് പ്രകൃതിയുടെ അന്ധമായ ഏതോ പ്രവർത്തനമാണോ? അതല്ല സർവശക്തനും പരമകാരുണികനും യുക്തിജ്ഞനുമായ അല്ലാഹുവിന്റ സംവിധാനമോ? ഏതിനെയാണ് ശരിയായ ബുദ്ധിയും യുക്തിയും ചിന്തയും അനുകൂലിക്കുന്നത്?

കരയെക്കാൾ മൂന്നിരട്ടിയോളം വരുന്ന കടലിൽ ഉപ്പ് വെള്ളമാണെന്ന് നമുക്കറിയാം. പക്ഷേ, ആ വെള്ളം നീരാവിയായി മേൽപോട്ടുപോയി ഘനീഭവിച്ച് മഴത്തുള്ളികളായി തിരിച്ചു വരുമ്പോൾ അരുചികളൊന്നുമില്ലാത്ത ശുദ്ധമായ വെള്ളം! നാം അത് യഥേഷ്ടം ഉപയോഗിക്കുമ്പോഴും അതിന്റെ പിന്നിലെ അനുഗ്രഹ ദാതാവിനെക്കുറിച്ചോർക്കുവാനോ, അവനെ അറിയുവാനോ ആത്മാർഥമായി ശ്രമിക്കുന്നുണ്ടോ എന്നതാണ് ക്വുർആനിന്റെ ചോദ്യം.

തുള്ളികളായി മഴ പെയ്യുമ്പോൾ നമുക്കതൊരാശ്വാസമാണ്. എന്നാൽ ശക്തമായ ഐസ് കട്ടകളായിട്ടാണ് അത് ഭൂമിയിലേക്ക് പതിക്കുന്നതെങ്കിൽ അത് ദുരിതമാണ് വരുത്തുക. അന്തരീക്ഷത്തിലെ താപനിലയെ നിയന്ത്രിച്ചുകൊണ്ട് ഒരു 'എയർകൂളർ' പോലെ മഴത്തുള്ളികൾ പെയ്തിറങ്ങുമ്പോഴും അതിനു പിന്നിലെ അനുഗ്രഹദാതാവായ അല്ലാഹുവിനെ വിസ്മരിച്ചുകൊണ്ട് കേവല യാദൃച്ഛികതയ്ക്ക് സർവവിധ 'ക്രെഡിറ്റും' നൽകുന്നത് ബുദ്ധിയും യുക്തിയും അംഗീകരിക്കുന്നതാണോ?

വെള്ളവും മഴയും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ മഴയില്ലാതെ വിഷമിച്ചപ്പോഴും മഴയുടെ ആധിക്യം കൊണ്ട് പ്രയാസപ്പെട്ടപ്പോഴും മുഹമ്മദ് നബി(സ്വ)യും അനുചരന്മാരും പരിഹാരത്തിനായി സർവശക്തനായ അല്ലാഹുവിനോട് പ്രാർഥിക്കുകയാണ് ചെയ്തത്.

ആ അനുഗ്രഹ ദാതാവിനോടുള്ള നന്ദിയുടെ ഭാഗമാണ് ആ അനുഗ്രഹത്തിന്റെ ധാർമികവശം ഉൾക്കൊണ്ടുകൊണ്ട് അവനെ മാത്രം ആരാധിക്കുകയെന്നത്. വെള്ളത്തിന് ബുദ്ധിമുട്ടുന്നവർക്ക് അത് നൽകി സഹായിക്കുക എന്നതും അതിന്റെ ദുരുപയോഗം പാടില്ല എന്നതും അതിന്റെ ധാർമികവശം തന്നെയാണ്.

# സാംസ്കാരിക നായകരോട് പറയാനുള്ളത്

ആരാണ് സാംസ്കാരിക നായകർ? ഒരാൾ സാംസ്കാരിക നായകൻ എന്ന പദവിയിലെത്താൻ എന്ത് മാനദണ്ഡമാണുള്ളത്? ആരാണ് ഒരാളെ സാംസ്കാരിക നായകൻ എന്ന പദവിയിലേക്ക് കയറ്റിയിരുത്തുന്നത്? ഈ ചോദ്യങ്ങൾക്ക് കൃത്യവും വ്യക്തവുമായ ഉത്തരം പറയുവാൻ കഴിയുന്ന ആരെങ്കിലുമുണ്ടാകുമെന്ന് തോന്നുന്നില്ല.

‘വാചകമേള,’ ‘മറുമൊഴി,’ ‘കേട്ടതും കേൾക്കേണ്ടതും’ തുടങ്ങിയ പത്രത്താളുകളിലെ ഡയലോഗ് മേളകളിൽ ഒരാളുടെ വാചകങ്ങൾ ഉൾപ്പെടുത്തിത്തുടങ്ങുമ്പോൾ അയാൾ സാംസ്കാരിക നായകനായി പരിഗണിക്കപ്പെട്ടു തുടങ്ങി എന്ന് മനസ്സിലാക്കാം എന്ന് മുമ്പൊരിക്കൽ സത്യമൂർത്തി എഴുതിയത് വായിച്ചതായി ഓർക്കുന്നു. ചാനലുകളിലെ അന്തിച്ചർച്ചകളിൽ സ്ഥിരമായി പങ്കെടുക്കുവാൻ അവസരം കിട്ടുന്നവനാണ് സാംസ്കാരിക നായകൻ എന്നും അതല്ല സാംസ്കാരിക നായകൻ ആകുമ്പോഴാണ് ഒരാൾക്ക് ചാനൽ ചർച്ചകളിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത് എന്നും പറയപ്പെടുന്നു.

സാഹിത്യം, സിനിമ, നാടകം, സംഗീതം, സാമൂഹ്യം, ചിത്രകല, സാമ്പത്തിക-രാഷ്ട്രീയ വിശകലനം തുടങ്ങിയ പല മേഖലകളിലെ നായകർ ചേർന്നാണ് സാംസ്കാരിക നായകർ എന്ന പൊതുഗ്രൂപ്പുണ്ടാകുന്നത്.

ഒരുകാര്യം ഉറപ്പ്. സാംസ്കാരിക നായകൻ പ്രതികരിക്കാൻ കഴിവുള്ളവനാകണം. എന്നു വിചാരിച്ച് പ്രതികരിക്കുന്നവരെല്ലാം സാംസ്കാരിക നായകരാകുമെന്ന് ആരും കരുതരുത്. ചിലപ്പോഴെല്ലാം സാംസ്കാരിക നായകർ വല്ലാത്ത ടെൻഷനിൽ അകപ്പെടാറുണ്ട്; പ്രതികരണം എങ്ങനെയാവണം എന്ന് തീരുമാനിക്കാൻ കഴിയാത്തതിനാൽ. ഒരു സംഭവത്തിൽ എന്തുകൊണ്ട് പ്രതികരിച്ചില്ല എന്ന ചോദ്യത്തോടായിരിക്കും ചിലപ്പോൾ കൂടുതൽ പ്രതികരിക്കേണ്ടിവരുന്നത്!

പൊതുസമൂഹം ഏറെ ബഹുമാനിക്കുന്നവരാണ് ഈ വിഭാഗം. കാരണം നാടിനെയും നാട്ടുകാരെയും ദോഷകരമായി ബാധിക്കുന്ന വിഷയങ്ങളിലും പ്രമാദമാകുന്ന സംഭവങ്ങളിലും ഇവർ ഇടപെടുകയും പ്രതികരിക്കുകയും ചെയ്യും. അതുവഴി ഭരണകൂടത്തിന്റെ ശ്രദ്ധ ആ വിഷയങ്ങളിൽ പതിയുകയും ചെയ്യും.

സാംസ്കാരിക നായകർ നാടിന്റെ പൊതു സ്വത്താണ് എന്നാണ് വയ്പ്. മതം, ജാതി, വർഗം, കക്ഷി രാഷ്ട്രീയം എന്നിവയ്ക്കെല്ലാം അതീതമായി അവർ നാടിന്റെയും നാട്ടുകാരുടെയും പ്രശ്നങ്ങളിൽ ഇടപെടണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. അങ്ങനെതന്നെയാണ് വേണ്ടതും. എന്നാൽ ഈയിടെയായി ഇവരിൽ പലരും പല ഗൗരവമേറിയ സംഭവവികാസങ്ങളിലും കുറ്റകരമായ മൗനം അവലംബിക്കുന്നതായി കണ്ടുവരുന്നു. നിസ്സാരമായ പ്രശ്നങ്ങളിൽ പ്രതികരിക്കുകയും ചെയ്യുന്നു. മതത്തിന്റെയും കക്ഷിരാഷ്ട്രീയത്തിന്റെയുമൊക്കെ അടിസ്ഥാനത്തിൽ പക്ഷം ചേർന്ന് അന്തിച്ചർച്ചകളിൽ വാചാലരാകുന്നു. ഇസ്ലാമിനെയും ഇസ്ലാമിക നിയമങ്ങളെയും മുസ്ലിംകളെയുമൊക്കെ വിമർശിച്ചുകൊണ്ടേയിരുന്നാലേ സാംസ്കാരികനായക പട്ടം തങ്ങളുടെ തലയിൽ നിലനിൽക്കൂ എന്ന് വിചാരിക്കുന്ന ചിലരെങ്കിലും ഇല്ലാതെയില്ല. വർത്തമാനകാലത്ത് മുസ്ലിംകൾക്ക് അനുകൂലമായി പ്രതികരിക്കേണ്ട അനിവാര്യഘട്ടത്തിൽ മൗനത്തിന്റെ പുറംതോടിനുള്ളിലേക്ക് വലിയുന്നതാണ് ‘തലക്കനം’ ഏറെയുള്ള സാംസ്കാരിക നായകരുടെ പതിവ്.

മരണാനന്തരം കേരള പോലീസിലെ ചിലർ ചുറ്റും നിന്ന് ആകാശത്തേക്ക് വെടിവെച്ച് ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കപ്പെടുന്നത് സ്വപ്നം കാണുന്നവരോട് പറയാനുള്ളത് നീതിക്കും ന്യായത്തിനും വേണ്ടി രംഗത്തിറങ്ങി ജനമനസ്സുകളിൽ ഇടംനേടുവാൻ ശ്രമിച്ചാൽ അതായിരിക്കും വലിയ ബഹുമതി എന്നാണ്.

**ബിസ്മിത എം**
**സൽസബീൽ, വെങ്കിടങ്ങ്**



# ഹിജാബ് വലിച്ചെറിയണമെന്നോ?

അടുത്ത കാലത്താണ് നമ്മുടെ നാട്ടിൽ ഹിജാബ് വലിയ വിവാദവിഷയമായി മാറിയത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹിജാബ് വിലക്കിക്കൊണ്ടുള്ള കർണാടക ഹൈക്കോടതിയുടെ വിധിയോടെ അത് ലോകത്തെങ്ങും ചർച്ചാവിഷയമായിത്തീർന്നു. മുസ്‌ലിം സ്ത്രീകൾ അവരുടെ തല മറച്ച് നടക്കുന്നതുകൊണ്ട് മറ്റുള്ളവർക്ക് എന്തു നഷ്ടമാണ് വരുന്നത്? രാജ്യത്തിനും സ്ഥാപനങ്ങൾക്കും എന്തു കോട്ടമാണ് അതുകൊണ്ട് ഉണ്ടാകുന്നത്? എത്ര ആലോചിച്ചിട്ടും ഉത്തരം കിട്ടുന്നില്ല.

**ഇസ്‌ലാം സ്ത്രീകൾക്ക് മാത്രമല്ല, പുരുഷൻമാർക്കും വേഷ വിധാനം നിശ്ചയിച്ചിട്ടുണ്ട്. സമൂഹത്തിന്റെ അഭിവാജ്യ ഘടകമായ വനിതകൾക്ക് ഇസ്‌ലാം നൽകിയ സ്വാതന്ത്ര്യത്തിന്റെ സവിശേഷ രൂപമാണ് ഹിജാബ് എന്നത് പലരും മനസ്സിലാക്കുന്നില്ല. അത് മാന്യതയുടെ മേൽവിലാസമാണെന്നും ഉപദ്രവമേൽക്കാതിരിക്കാനുള്ള പോംവഴിയാണെന്നും ക്വുർആൻ പരിചയപ്പെടുത്തുന്നുണ്ട്. ഹിജാബിന്റെ പവിത്രത തിരിച്ചറിഞ്ഞ ഒരു വ്യക്തിയും അതിനെ ചോദ്യം ചെയ്യുകയില്ല.**

സ്ത്രീയും പുരുഷനും മറയ്ക്കൽ നിർബന്ധമായ ശരീരഭാഗങ്ങൾ കൃത്യമായി മറയുന്ന വസ്ത്രമാണ് ധരിക്കേണ്ടത്. അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും അടയാളങ്ങൾ വസ്ത്രധാരണത്തിൽ പ്രതിഫലിക്കാൻ പാടില്ല. മെച്ചപ്പെട്ടതും അന്തസ്സാർന്നതുമായ വസ്ത്രം ധരിക്കുന്നതിന് തെറ്റില്ല. ഇബ്നു മസ്ഊദ്(റ) പറയുന്നു: നബി(സ്വ) പറഞ്ഞു. മനസ്സിൽ അണുത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അപ്പോൾ ഒരാൾ ചോദിച്ചു. ഒരാൾ തൻെറ  വസ്ത്രവും ചെരിപ്പും മെച്ചപ്പെട്ടതാകണമെന്നാഗ്രഹിക്കുന്നത് അഹങ്കാരത്തിൽപെടുമോ? നബി(സ്വ) പറഞ്ഞു: അല്ലാഹു ഭംഗിയുള്ളവനാണ്. അവൻ ഭംഗി ഇഷ്ടപ്പെടുന്നു. സത്യത്തെ നിരാകരിക്കുകയും ആളുകളെ അവഹേളിക്കലുമാണ് അഹങ്കാരം. (സ്വഹീഹ് ഇബ്നു ഹിബ്ബാൻ 5466).

ഇസ്‌ലാം സ്ത്രീകൾക്ക് മാത്രമല്ല, പുരുഷൻമാർക്കും വേഷ വിധാനം നിശ്ചയിച്ചിട്ടുണ്ട്. സമൂഹത്തിന്റെ അഭിവാജ്യ ഘടകമായ വനിതകൾക്ക് ഇസ്‌ലാം നൽകിയ സ്വാതന്ത്ര്യത്തിന്റെ സവിശേഷ രൂപമാണ് ഹിജാബ് എന്നത് പലരും മനസ്സിലാക്കുന്നില്ല. അത് മാന്യതയുടെ മേൽവിലാസമാണെന്നും ഉപദ്രവമേൽക്കാതിരിക്കാനുള്ള പോംവഴിയാണെന്നും ക്വുർആൻ പരിചയപ്പെടുത്തുന്നുണ്ട്. ഹിജാബിന്റെ പവിത്രത തിരിച്ചറിഞ്ഞ ഒരു വ്യക്തിയും അതിനെ ചോദ്യം ചെയ്യുകയില്ല. അല്ലാഹു പറയുന്നു:

'നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു' (അൽഅഹ്സാബ് 59).

അല്ലാഹുവിന്റെ മതത്തിന്റെ നിയമങ്ങൾ ജീവിതത്തിൽ പാലിക്കുവാനുള്ളതാണ്. പുനരുത്ഥാന നാളിൽ എല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ ബാധ്യസ്ഥനാണ് മനുഷ്യൻ എന്നും അവിടെ സൽപ്രവൃത്തികൾക്ക് പ്രതിഫലവും ദുഷ്പ്രവൃത്തികൾക്ക് ശിക്ഷയുമുണ്ട് എന്നുമാണ്  ഇസ്‌ലാമിക അധ്യാപനം.

സ്ത്രീകൾ മുഖവും മുൻകൈയും ഒഴിച്ച് എല്ലാം മറയുന്ന വസ്ത്രമാണ് അന്യരുടെ മുമ്പിൽ ധരിക്കേണ്ടത്. തൻെറ  ശരീരത്തിന്റെ ആകൃതിയും വടിവും തിരിച്ചറിയുന്ന വസ്ത്രം ധരിച്ച് അവൾ അന്യപുരുഷന്മാർക്കു മുമ്പിൽ പ്രത്യക്ഷപ്പെടരുതെന്ന് ഇസ്‌ലാം നിഷ്കർശിക്കുന്നു. മുഖം മറച്ച് നടക്കുന്ന സ്ത്രീകളെ പലരും കളിയാക്കിയിരുന്ന കാലമുണ്ടായിരുന്നു. കോവിഡ് വന്നപ്പോൾ ആണും പെണ്ണുമെല്ലാം കണ്ണുകൾ ഒഴികെയുള്ളതെല്ലാം മറച്ചാണ് നടന്നത്. അവരെ ആരും കളിയാക്കിയില്ല.

ഹിജാബ് മുസ്‌ലിം സ്ത്രീയുടെ അവകാശമാണ്. മറ്റുള്ളവർക്ക് അത് യാതൊരു ബുദ്ധിമുട്ടും വരുത്തുന്നില്ല. എന്തു ധരിക്കണമെന്നും എന്തു കഴിക്കണമെന്നും തീരുമാനിക്കാനുള്ള അവകാശം നമ്മുടെ ഭരണഘടന നൽകുന്നുവെന്നിരിക്കെ അതിനെ എതിർക്കുന്നവരുടെ ഉദ്ദേശ്യം അത്ര നല്ലതല്ലെന്നു വ്യക്തം.

*(വെങ്കിടങ്ങ് സൽസബീൽ അറബിക്കോളേജ് വിദ്യാർഥിനിയാണ് ലേഖിക)*

ഡോ. ടി. കെ. യൂസുഫ്
: 9349798262



# ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ 07

**50. കടബാധ്യതകൾ എഴുതിവെക്കുക**

സാമ്പത്തിക രംഗത്ത് പ്രതിസന്ധി ഘട്ടങ്ങളിൽ കടം വാങ്ങാൻ പലരും നിർബന്ധിതരാകാറുണ്ട്. കടം വാങ്ങുന്നത് അനുവദനീയവും കടംകൊടുക്കുന്നത് പ്രതിഫലാർഹവുമാണ്. കടം വാങ്ങുന്നവർ അത് തിരിച്ചുകൊടുക്കുന്ന അവധിയടക്കം എഴുതിവെക്കേണ്ടതാണ്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, ഒരു നിശ്ചിത അവധിവെച്ചുകൊണ്ട് നിങ്ങൾ അന്യോന്യം വല്ല കടമിടപാടും നടത്തിയാൽ നിങ്ങൾ അത് എഴുതിവെക്കേണ്ടതാണ്. ഒരു എഴുത്തുകാരൻ നിങ്ങൾക്കിടയിൽ നീതിയോടെ അത് രേഖപ്പെടുത്തട്ടെ. ഒരു എഴുത്തുകാരനും അല്ലാഹു അവന്ന് പഠിപ്പിച്ചുകൊടുത്ത പ്രകാരം എഴുതാൻ വിസമ്മതിക്കരുത്. അവനത് എഴുതുകയും, കടബാധ്യതയുള്ളവൻ (എഴുതേണ്ട വാചകം) പറഞ്ഞുകൊടുക്കുകയും ചെയ്യട്ടെ. തന്റെ രക്ഷിതാവായ അല്ലാഹുവെ അവൻ സൂക്ഷിക്കുകയും (ബാധ്യതയിൽ) അവൻ യാതൊന്നും കുറവ് വരുത്താതിരിക്കുകയും ചെയ്യേണ്ടതാണ്" (ക്വുർആൻ 2:282).

**51. ആരാധനാലയങ്ങളിൽ ഭംഗിയും ശുചിത്വവും പാലിക്കുക**

ആരാധനയ്ക്കുവേണ്ടി പള്ളികളിലേക്ക് പോകുമ്പോൾ സുന്ദരവും ആകർഷകമായ വസ്ത്രങ്ങൾ ധരിക്കുന്നതിന് വിലക്കില്ല, എന്നുമാത്രമല്ല അത്തരം സന്ദർഭങ്ങളിൽ ഭംഗി സ്വീകരിക്കുന്നത് വളരെ അഭികാമ്യവുമാണ്. അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: അല്ലാഹു അവന്റെ ദാസൻമാർക്കുവേണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാരപദാർഥങ്ങളും നിഷിദ്ധമാക്കിയതാരാണ്? പറയുക: അവ ഐഹിക ജീവിതത്തിൽ സത്യവിശ്വാസികൾക്ക് അവകാശപ്പെട്ടതാണ്. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കുമാത്രമുള്ളതുമാണ്. മനസ്സിലാക്കുന്ന ആളുകൾക്കുവേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു" (7:32).

**52. ചെയ്യാത്ത കാര്യങ്ങളെക്കുറിച്ച് മേനിപറയരുത്**

അധിക ജനങ്ങളും തങ്ങൾ ചെയ്യുന്ന സൽപ്രവർത്തനങ്ങൾക്ക് ജനങ്ങളിൽനിന്ന് പ്രശംസയും അംഗീകാരവും ലഭിക്കണമെന്നാഗ്രഹിക്കുന്നവരാണ്. ഇത്തരത്തിലുള്ള ആദരവുകൾ ലഭിക്കുവാൻ

വേണ്ടി പലരും ചെയ്യാത്ത കാര്യങ്ങൾ പോലും പറയുകയും അല്ലെങ്കിൽ മറ്റുള്ളവർ ചെയ്ത കാര്യങ്ങൾ സ്വന്തം പേരിലാക്കാൻ ശ്രമിക്കുകയും ചെയ്യും. ഇത്തരം ദുഷ്പ്രവണതകൾ ഇസ്‌ലാമിക വീക്ഷണത്തിൽ കുറ്റകരമാണ്. അല്ലാഹു പറയുന്നു:

"തങ്ങൾ ചെയ്തതിൽ സന്തോഷം കൊള്ളുകയും ചെയ്തിട്ടില്ലാത്ത കാര്യത്തിന്റെ പേരിൽ പ്രശംസിക്കപ്പെടാൻ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആ വിഭാഗത്തെപ്പറ്റി അവർ ശിക്ഷയിൽനിന്ന് മുക്തമായ അവസ്ഥയിലാണെന്ന് നീ വിചാരിക്കരുത്. അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്" (3:188).

കൊള്ളരുതാത്ത കാര്യങ്ങൾ പ്രവർത്തിക്കുകയും അതിൽ സന്തോഷംകൊള്ളുകയും ചെയ്യുക, അല്ലെങ്കിൽ വേണ്ടപ്പെട്ടകാര്യം ചെയ്തശേഷം അതിൽ ദുരഭിമാനം കൊള്ളുക, പ്രവർത്തനത്തിൽ കൊണ്ടുവന്നിട്ടില്ലാത്ത കാര്യത്തിന്റെ പേരിൽ സൽപേര് ലഭിക്കണമെന്ന് ആഗ്രഹിക്കുകയും അതിന് ശ്രമം നടത്തുകയും ചെയ്യുക... ഈ സ്വഭാവം ആരിലെല്ലാം ഉണ്ടോ അവർക്കെല്ലാം ഈ വചനത്തിൽ പറഞ്ഞത് ബാധകമാണ് എന്ന് ക്വുർആൻ വ്യാഖ്യാതാക്കൾ രേഖപ്പെടുത്തുന്നു.

### 53. പുണ്യത്തിലും ഭക്തിയിലും പരസ്പരം സഹായിക്കുക

മനുഷ്യർ സാമൂഹ്യജീവികളായതുകൊണ്ട് പരസ്പരം സഹായസഹകരണമില്ലാതെ അവർക്ക് ജീവിക്കാൻ കഴിയുകയില്ല. ഈ സഹകരണം നല്ല കാര്യങ്ങളിലായാൽ മാത്രമെ സമൂഹത്തിന് പുരോഗതി യുണ്ടാവുകയുള്ളൂ. കുറ്റകൃത്യങ്ങളിലും പാപങ്ങളിലും അവർ പരസ്പരം സഹായിച്ചാൽ അത് സമൂഹത്തിന്റെ നിലനിൽപിന് ഭീഷണിയും നാശത്തിന് കാരണവും ആയിത്തീരും.

അല്ലാഹു പറയുന്നു: "പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു" (5:2).

### 54. ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്

നല്ലകാര്യങ്ങൾ ചെയ്യാൻ ക്വുർആൻ ധാരാളം വചനങ്ങളിലൂടെ കൽപിക്കുന്നതായി കാണാം. ചീത്തകാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കലും വിശ്വാസികളുടെ ബാധ്യതയാണ്. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുന്ന കാര്യമാണ്. അല്ലാഹു പറയുന്നു:

"ഭൂമിയിൽ നൻമവരുത്തിയതിനുശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമകാരികൾക്ക് സമീപസ്ഥമാകുന്നു" (7:56).

### 55. അനാവശ്യ ചോദ്യങ്ങൾ ഒഴിവാക്കുക

ചോദ്യം ചോദിക്കുന്നത് കാര്യങ്ങൾ മനസ്സിലാക്കാനുള്ള ഒരു നല്ല മാർഗമാണ്. അറിയേണ്ട കാര്യങ്ങളെ ക്കുറിച്ച് ചോദിക്കാൻ ലജ്ജിക്കേണ്ടതില്ല. എന്നാൽ അനാവശ്യ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നത് വിലക്കപ്പെട്ട കാര്യമാണ്.

"സത്യവിശ്വാസികളേ, ചിലകാര്യങ്ങളെപ്പറ്റി നിങ്ങൾ ചോദിക്കരുത്. നിങ്ങൾക്ക് അവ വെളിപ്പെടുത്ത പ്പെട്ടാൽ നിങ്ങൾക്കത് മനഃപ്രയാസമുണ്ടാക്കും. ക്വുർആൻ അവതരിപ്പിക്കപ്പെടുന്ന സമയത്ത് നിങ്ങളവയെപ്പറ്റി ചോദിക്കുകയാണെങ്കിൽ നിങ്ങൾക്കവ വെളിപ്പെടുത്തുകതന്നെ ചെയ്യും. (നിങ്ങൾ ചോദിച്ചുകഴിഞ്ഞതിന്) അല്ലാഹു (നിങ്ങൾക്ക്) മാപ്പുനൽകിയിരിക്കുന്നു. അല്ലാഹു ഏറെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു" (5:101).

### 56. രഹസ്യവും പരസ്യവുമായ തെറ്റുകൾ ഒഴിവാക്കുക

പരസ്യജീവിതത്തിൽ മാന്യത പുലർത്തുകയും രഹസ്യജീവിതത്തിൽ ദുർവൃത്തികൾ ചെയ്യുകയും ചെയ്യുന്നവരുണ്ട്. ഒരു തെറ്റായ കാര്യം നാം ഒഴിവാക്കുന്നത് അല്ലാഹുവിനെ ഭയപ്പെടുന്നതുകൊണ്ടാവണം.

"പാപത്തിൽനിന്ന് പ്രത്യക്ഷമായതും പരോക്ഷമായതും നിങ്ങൾ വെടിയുക. പാപം സമ്പാദിച്ച് വെക്കുന്നവരാരോ അവർ ചെയ്തുകൂട്ടുന്നതിന് തക്ക പ്രതിഫലം തീർച്ചയായും അവർക്ക് നൽകപ്പെടു ന്നതാണ്" (6:120).

### 57. ആത്മാർഥമായി പ്രാർഥിക്കുക

അലസമായും ആത്മാർഥതയില്ലാതെയും പ്രാർഥിച്ചാൽ അതിന് ഉത്തരം ലഭിക്കണമെന്നില്ല. ആത്മാർഥമായ പ്രാർഥനകൾക്ക് ഐഹികലോകത്ത് ഉത്തരം ലഭിച്ചിട്ടില്ലെങ്കിലും പാരത്രിക ലോകത്ത് പ്രതിഫലം ലഭിക്കും.

"പറയുക: എന്റെ രക്ഷിതാവ് നീതിപാലിക്കാനാണ് കൽപിച്ചിട്ടുള്ളത്. എല്ലാ ആരാധനാവേളയിലും (അഥവാ എല്ലാ ആരാധനാലയങ്ങളിലും) നിങ്ങളുടെ മുഖങ്ങളെ ശരിയാം വിധം (അവനിലേക്കു തിരിച്ച്) നിർത്തുകയും കീഴ്‌വണക്കം അവന്നു മാത്രമാക്കിക്കൊണ്ട് അവനോട് പ്രാർഥിക്കുകയും ചെയ്യുവിൻ. നിങ്ങളെ അവൻ ആദ്യമായി സൃഷ്ടിച്ചുണ്ടാക്കിയതുപോലുള്ള അവസ്ഥയിലേക്കുതന്നെ നിങ്ങൾ മടങ്ങുന്നതാകുന്നു" (7:29).

*(തുടരും)*

മുജീബ് ഒട്ടുമ്മൽ
: 97444 31890

"ഒരേസമയം രണ്ട് തരം പീഡനമാണ് മുസ്‌ലിംകൾ ഏൽക്കേണ്ടി വരുന്നത്. ദേശവിരുദ്ധർ എന്ന ആക്ഷേപവും മുസ്‌ലിംകളെ പ്രീണിപ്പിക്കുന്നു എന്ന ആരോപണവും. തങ്ങൾ ദേശവിരുദ്ധരല്ലെന്നും ഭീകരവാദികളല്ലെന്നും ദിവസേന തെളിയിക്കേണ്ട അവസ്ഥയാണ് മുസ്‌ലിംകൾക്കുള്ളത്."


-ജസ്റ്റിസ് രജിന്ദർ സച്ചാർ

# സംഘടിത മുന്നേറ്റങ്ങളെ നിരാകരിക്കുന്ന വർത്തമാന രാഷ്ട്രീയം

ദുർബലമെങ്കിലും ഫാഷിസ്റ്റ് അജണ്ടകളെ കൈവെടിഞ്ഞൊന്നുമല്ല മൂന്നാം NDA സർക്കാറും അധികാരമേൽക്കുന്നത്. ഭീതിയുടെ നാളുകളിൽ ഐക്യപ്പെട്ട സമുദായ മനസ്സുകളിൽ ശൈഥില്യം കടന്നുവരുന്നതും ധ്രുവീകരണ ശ്രമങ്ങൾ മുളപൊട്ടുന്നതും സഹതാപത്തോടെ മാത്രമെ നോക്കിക്കാണാനാവൂ.

'നിങ്ങൾ എല്ലാവരും നാസി ജർമനിക്കു വേണ്ടി പ്രവർത്തിച്ചു... തീർച്ചയായും, നിങ്ങളുടെ മനസ്സാക്ഷിയെ വിലയ്ക്കെടുക്കാൻ നിങ്ങൾ അവിടെയും ഇവിടെയും പീഡിപ്പിക്കപ്പെട്ട ഒരാളെ സഹായിച്ചു; പക്ഷേ, ദശലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. ഒരുതരത്തിലുള്ള പ്രതിഷേധവുമില്ലാതെ.

1938ൽ നാസി ജർമനിയിൽനിന്ന് നെതർലാന്റ് വഴി പലായനം ചെയ്യാൻ നിർബന്ധിതയായ ജൂതമതക്കാരി ലിസ് മെയ്റ്റ്നർ തന്റെ സഹപ്രവർത്തകനും നോബൽ സമ്മാന ജേതാവുമായ ജർമൻ ഭൗതിക ശാസ്ത്രജ്ഞൻ ഓട്ടോഹാനിന് എഴുതിയ വരികളാണ് മുകളിൽ നാം വായിച്ചത്. സഹപ്രവർത്തകയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ സാധിക്കാത്തതിലുള്ള നിരാശയിൽ അമ്മയുടെ വജ്രമോതിരം നൽകി അതിർത്തി കടക്കാൻ സഹായിക്കുക മാത്രമായിരുന്നു അദ്ദേഹം ചെയ്തിരുന്ന



ത്. അതിന് മറുപടിയായിട്ടാണ് ലിസ് മെയിറ്റ്നർ ഈ വരികൾ കുറിച്ചത്. പരമോന്നത ബഹുമതി ലഭിച്ചിട്ടും സഹപ്രവർത്തകയെ പോലും രക്ഷിക്കാനാകാത്തവിധം അപരവൽകരണം ഏൽപിച്ച മുറിവ് അത്രമാത്രം മാരകമായിരുന്നുവെന്ന് ഈ സംഭവം നമ്മെ ബോധ്യപ്പെടുത്തുന്നു.

ദിർഘനാൾ ഡിജിപി, എഡിജി ആയി സർവീസിലുണ്ടായിരുന്ന ഐപിഎസ് ഉദ്യോഗസ്ഥൻ ഡോ. എൻസി അസ്താന നിസ്സഹായനായ ഓട്ടോഹാനിനെപോലെ താൻ നിസ്സംഗനാവുകയില്ലെന്ന് ഈ സംഭവം ഉദ്ധരിച്ചുകൊണ്ട് പ്രഖ്യാപിക്കുന്നുണ്ട്. മുസ്‍ലിം സുഹൃത്തുക്കളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ താൻ ലജ്ജിച്ച് തലകുനിക്കുന്നതായും അദ്ദേഹം പറയുന്നുണ്ട്. സമകാലിക ഇന്ത്യയെ നാസീ ജർമനിയോട് ഉപമിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ നൊമ്പരം രേഖപ്പെടുത്തിയത്. മുസ്‍ലിംകൾക്കു നേരെയുള്ള കലാപങ്ങളിൽ നിസ്സംഗരാകുന്ന പോലീസുകാരുടെ സമീപനം, അധികാരികളുടെ ഏകപക്ഷീയമായ ഇടപെടലുകൾ, ജുഡീഷ്യറിയുടെ വീഴ്ചകൾ... എല്ലാം ചൂണ്ടിക്കാണിച്ചാണ് ഇന്ത്യയെക്കുറിച്ചും ന്യൂനപക്ഷങ്ങളുടെ സുരക്ഷയെക്കുറിച്ചും അദ്ദേഹം വ്യാകുലപ്പെടുന്നത്.

2024 ലെ പൊതുതെരഞ്ഞെടുപ്പ് ഫലത്തിൽ മതനിരപേക്ഷ ചേരിക്ക് അൽപം ആശ്വാസത്തിന് വകയുണ്ടെങ്കിലും ആഭ്യന്തരം, ധനം, പ്രതിരോധം, റെയിൽവേ പോലെയുള്ള പ്രധാന വകുപ്പുകൾ ബി.ജെ പി കയ്യടക്കി വെച്ചിരിക്കുന്നത് ആശങ്കയുണ്ടാക്കുന്നുണ്ട്. സംഘപരിവാര രാഷ്ട്രീയത്തിൻെറ നിലനിൽപിന് ഏത് വൃത്തികെട്ട കളികൾക്കും മടിക്കാത്തവർ തങ്ങളുടെ മുന്നണിയിലുള്ള പാർട്ടികളെ എങ്ങനെ കൈകാര്യം ചെയ്യുമെന്ന് കണ്ടറിയണം. വിഭജനത്തിന്റ സമവാക്യങ്ങളെ ഇന്ത്യൻ സംസ്കാര വൈവിധ്യങ്ങളിൽ പ്രയോഗിച്ചത് തകർത്തെറിയുന്ന സമീപനം നാം കണ്ടറിഞ്ഞതാണ്. മറുചേരിയുള്ളവരെ പണമെറിഞ്ഞ് കൂടെ നിറുത്തിയും എതിരാളികളെ ഇ.ഡി പോലെയുള്ള നിയമപാലന സംവിധാനങ്ങളുപയോഗിച്ച് ഭീഷണിപ്പെടുത്തിയും മേൽകോയ്മ

നേടാൻ ശ്രമിക്കുന്നവരാണിവർ. അതുകൊണ്ട് തന്നെ ഭാവി രാഷ്ട്രീയത്തെ പ്രവചിക്കാൻ നാം അശക്തമാവുകയാണ്.

സമകാലിക ഇന്ത്യയിൽ മുസ്‌ലിംസമുദായവും അത്തരം പീഡനങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്നുവെന്നതിന് കൂടുതൽ തെളിവുകൾ വേണ്ടതില്ല. ഈ വെല്ലുവിളികളെ സമുദായം അതിജീവിച്ചതിന്റെ മുൻകാല മാതൃക ചരിത്രത്തിൽ ഉല്ലേഖനം ചെയ്യിട്ടുണ്ട്. ഇന്ത്യാവിഭജനത്തിന്റെ ഭീകരമായ സാഹചര്യങ്ങളെ അതിജീവിച്ചതിലും വലിയ പാഠങ്ങളുണ്ട്.

1947 ലെ പാക്കിസ്ഥാൻ രൂപീകരണം ഛിദ്രശക്തികൾ വർഗീയ കലാപങ്ങൾക്കുള്ള അവസരമായി ഉപയോഗപ്പെടുത്തിയപ്പോൾ ഉത്തരേന്ത്യൻ മുസ്‌ലിംകൾ വംശഹത്യയുടെ മുൾമുനയിലായിരുന്നു. ദാരുണമായ അനാഥത്വവും നേതൃദാരിദ്ര്യവും സമുദായത്തെ അരക്ഷിതാവസ്ഥയിലേക്ക് നയിച്ചു. ഐക്യവും ബലവും നൽകിയിരുന്ന മുസ്‌ലിം ലീഗിനെ പിരിച്ചുവിട്ട് പാക്കിസ്ഥാനിലേക്ക് ചേക്കേറാനുള്ള നേതാക്കളുടെ തീരുമാനമായിരുന്നു അതിന് കാരണം. തെന്നിന്ത്യയിലെ മുസ്‌ലിംകൾ പാക്കിസ്ഥാനിലേക്ക് പോകാതെ ഇന്ത്യയിൽ തുടരാൻതന്നെ നിശ്ചയിച്ചു. അതിനുവേണ്ടി സമുദായത്തെ ഒരു സംഘടനയുടെ കുടക്കീഴിൽ ഒരുമിപ്പിച്ച് നിറുത്താനുള്ള ശ്രമങ്ങളിലായിരുന്നു നേതൃത്വം. ഒരു പരിധിവരെ അത് വിജയിക്കുകയും ചെയ്തു.

പ്രബുദ്ധരായ മലയാളികൾക്കിടയിൽ പോലും സമുദായത്തെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടാനുള്ള ശ്രമങ്ങളുണ്ട് എന്നതിന് ചില കപട മതേതര പുരോഗമനക്കാരുടെ വർത്തമാനങ്ങൾ സാക്ഷിയാണ്. ഈ സാഹചര്യത്തിൽ സാമുദായിക ഐക്യവും സമാധാന സന്ദേശ പ്രചാരണവും യാഥാർഥ്യമാക്കുകയാണ് വേണ്ടത്. മുസ്‌ലിം സമുദായം നേരിടുന്ന വെല്ലുവിളികളെ സംഘടനാപരമായ അതിർത്തികൾ മറികടന്ന് ഒരുമിച്ചുനിന്ന് അതിജയിക്കാനുള്ള ശ്ലാഘനീയമായ ശ്രമങ്ങൾ സമീപകാലത്തെ വലിയ പ്രതീക്ഷയായിരുന്നു. അതിനെതിരെയുള്ള അപശബ്ദങ്ങൾ വർധിച്ച് വരുന്നുവെന്നതാണ് ആശങ്കയുണ്ടാക്കുന്നത്.

### സംഘടനാ പിളർപ്പിന്റെ രാഷ്ട്രീയം

കേരളത്തിലെ മുസ്‌ലിം സമുദായം നേരിടുന്ന വെല്ലുവിളികളെ സംഘടനാപരമായ അതിർവരമ്പുകൾ മറികടന്ന് ഒരുമിച്ച് നിന്ന് അതിജയിക്കാനുള്ള ശ്ലാഘനീയമായ ശ്രമങ്ങൾ സമീപകാലത്തെ വലിയ പ്രതീക്ഷയായിരുന്നു.

> ഒരു സംഘബലത്തെ ശിഥിലീകരിക്കാനും ഭരണവൈകല്യങ്ങളെ മറച്ചുപിടിക്കാനും യഥാർഥ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനും പല ശ്രമങ്ങളും നടന്നിട്ടുണ്ട്. വേട്ടക്കാരുടെ സ്നേഹ തലോടലുകളിൽ അസ്തിത്വം പണയംവച്ച് സമുദായത്തിന്റെ ഒറ്റുകാരായി മാറിയവരും താൽപര്യങ്ങൾ സംരക്ഷിക്കാനായി വിധേയരായവരും ഉണ്ടായിട്ടുണ്ട്. അതിന്റെ അവസാന ഇരയാണ് സമസ്തയിലെ 'ശജറകൾ' എന്നറിയപ്പെടുന്ന വിഭാഗം. വഖഫ് ബോർഡ് നിയമനം പൊതുമേഖലയിലേക്ക് കൊണ്ടുവരാനുള്ള ഇടതുസർക്കാരിന്റെ ശ്രമങ്ങളെ സമുദായം ഒറ്റക്കെട്ടായി നേരിട്ടപ്പോൾ ഭരണകൂടത്തിന് പിന്തിരിയേണ്ടിവന്നെങ്കിലും സമസ്തയിലെ ഒരു വിഭാഗത്തെ അടർത്തിയെടുക്കാൻ സാധിച്ചുവെന്നതാണ് അവരുടെ വിജയം.

സംഘപരിവാര രാഷ്ട്രീയത്തിന്റെ വിദ്വേഷ പ്രചാരണത്തിനും വിഭാഗീയ പ്രവർത്തനങ്ങൾക്കുമെതിരെ ശക്തമായ വൈജ്ഞാനിക പ്രതിരോധം തീർക്കാനും സാഹോദര്യത്തിന്റെ പ്രഭചൊരിയാനും ഇത്തരം ഒത്തുചേരലുകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഭരണകൂടങ്ങളിൽനിന്ന് നേരിടേണ്ടിവരുന്ന അവകാശ നിഷേധത്തിനെതിരെ ഉയർന്നുവന്ന ശബ്ദങ്ങളെ ഏകീകരിക്കാനും സാധിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു സംഘബലത്തെ ശിഥിലീകരിക്കാനും ഭരണവൈകല്യങ്ങളെ മറച്ചുപിടിക്കാനും യഥാർഥ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനും പല ശ്രമങ്ങളും നടന്നിട്ടുണ്ട്. വേട്ടക്കാരുടെ സ്നേഹ തലോടലുകളിൽ അസ്തിത്വം പണയംവച്ച് സമുദായത്തിന്റെ ഒറ്റുകാരായി മാറിയവരും താൽപര്യങ്ങൾ സംരക്ഷിക്കാനായി വിധേയരായവരും ഉണ്ടായിട്ടുണ്ട്. അതിന്റെ അവസാന ഇരയാണ് സമസ്തയിലെ 'ശജറകൾ' എന്നറിയപ്പെടുന്ന വിഭാഗം. വഖഫ് ബോർഡ് നിയമനം പൊതുമേഖലയിലേക്ക് കൊണ്ടുവരാനുള്ള ഇടതുസർക്കാരിന്റെ ശ്രമങ്ങളെ സമുദായം ഒറ്റക്കെട്ടായി നേരിട്ടപ്പോൾ ഭരണകൂടത്തിന് പിന്തിരിയേണ്ടിവന്നെങ്കിലും സമസ്തയിലെ ഒരു വിഭാഗത്തെ

അടർത്തിയെടുക്കാൻ സാധിച്ചുവെന്നതാണ് അവരുടെ വിജയം. പള്ളികളിലെ ഉൽബോധനങ്ങളിൽ വഖഫിന്റെ പവിത്രതയെ കുറിച്ച് ബോധവൽകരിക്കാനും സർക്കാരിന്റെ സമീപനത്തെ ബോധ്യപ്പെടുത്താനും മുസ്‌ലിം സംഘടനാ കോഡിനേഷൻ തീരുമാനിച്ചപ്പോൾ ചില തിട്ടൂരങ്ങൾക്ക് വഴങ്ങി അതിൽനിന്ന് മഹല്ലുകളെ പിന്തിരിപ്പിക്കാനുള്ള ശ്രമത്തിലായിരുന്നു അവരുടെ അധ്യക്ഷൻ. 'ശജറത്തുൻ ത്വയ്യിബ' എന്ന ഒരു ഗ്രൂപ്പ് സമസ്തയിൽ വളർന്നുവന്നപ്പോൾ മുസ്‌ലിം ലീഗിനെയും പാണക്കാട് തങ്ങൾ കുടുംബത്തെയും ലക്ഷ്യമാക്കുകയായിരുന്നു അവർ. ശജറകൾ എന്ന പേരിൽ കുപ്രസിദ്ധി നേടിയ ഈ സംഘത്തെ ഉപയോഗപ്പെടുത്തിയാണ് മുസ്‌ലിം രാഷ്ട്രീയത്തിൽ പ്രതിസന്ധി തീർത്തത്. മുസ്‌ലിം സംഘടിത രാഷ്ട്രീയത്തിനെതിരെ അവസരങ്ങളുപയോഗപ്പെടുത്തുന്നതിൽ കേരളത്തിലെ പ്രമുഖ പാർട്ടികളെല്ലാം മൽസരിച്ചതാണ് ചരിത്രം. 1921ലെ കലാപാനന്തരം മാപ്പിള ദുരിതങ്ങളോട് മുഖം തിരിച്ച സവർണ നേതാക്കളുടെ സാന്നിധ്യം കാരണമായി ദേശീയ



പ്രസ്ഥാനത്തോട് ബഹുഭൂരിപക്ഷം മാപ്പിളമാർക്കും വിശ്വാസം നഷ്ടമായിരുന്നു. അതിനാൽ മുസ്‌ലിംകളുടെ പ്രത്യേകമായ പ്രശ്നങ്ങളെ പരിഗണിക്കാൻ ശേഷിയുള്ളതും എന്നാൽ ജനാധിപത്യ ബഹുസ്വരതയോട് സഹകരിക്കുന്നതുമായ ഒരു രാഷ്ട്രീയ സംഘടയുടെ അനിവാര്യതയെ സമുദായം തിരിച്ചറിയുകയായിരുന്നു. ഐക്യസംഘം പ്രവർത്തകനായ അഡ്വ.ബി പോക്കർ സാഹിബിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയ സംഘശക്തിയെ തകർക്കാനുള്ള ശ്രമം അക്കാലം മുതൽതന്നെ ശക്തമായി നടന്നിരുന്നു.

1953ൽ സമസ്ത ഫത്‌വ ബോർഡിൽനിന്ന് വഹാബി-മൗദൂദികളോട് സലാം പറയാൻ പാടില്ലെന്ന വിചിത്രമായ ഒരു ഫത്‌വ വന്നു. മദ്റസാ പാഠപുസ്തകത്തിൽ അത് ഉൾപ്പെടുത്തുകയും ചെയ്തു. പിന്നീട് ഇ.കെ അബൂബക്കർ മുസ്‌ലിയാർ സെക്രട്ടറിയായപ്പോൾ ആ ഫത്‌വയിൽ മാറ്റം വരുത്തി. മുശാവറയിലുണ്ടായിരുന്ന കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാർ ഉൾപ്പെടെ ചിലർ അതിനെതിരെ ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ചു. 1985ലെ ഷാബാനു ബീഗം കേസിൽ ശരീഅത്ത് വിവാദം ചൂടുപിടിച്ചപ്പോൾ കമ്യൂണിസ്റ്റ് പാർട്ടി ശരീഅത്തിനെതിരെ രംഗത്തുവരികയുണ്ടായി. മുസ്‌ലിം സംഘടനകൾ ഒന്നടങ്കം ശരീഅത്ത് സംരക്ഷണത്തിനുവേണ്ടി ഒരുമിച്ചുനിന്ന് ശക്തമായി പോരാടി. 1989ൽ ഇതിനെതിരെ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ പരസ്യമായി രംഗത്തുവന്നതിനെ തുടർന്ന് അദ്ദേഹത്തെയും മറ്റു ചിലരെയും സമസ്തയിൽനിന്ന് പുറത്താക്കി. അഖിലേന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമയ്ക്ക് അദ്ദേഹം രൂപം നൽകുകയും ചെയ്തു. മുസ്‌ലിം ന്യൂനപക്ഷത്തുള്ള പ്രമുഖമായ ഒരു സംഘടന പിളർന്നതോടുകൂടി അതിനെയും വോട്ടുബാങ്കായിക്കണ്ട് തങ്ങളുടെ ഭാഗമാക്കാൻ ചിലർ ശ്രമം നടത്തി. 'അരിവാൾ സുന്നി'യെന്നറിയപ്പെട്ട സംഘടനയെ പരിപോഷിപ്പിക്കാനുള്ള എല്ലാ സഹായങ്ങളും അവരിൽനിന്നുണ്ടായി. ആത്മീയ ചൂഷണത്തിലൂടെ തടിച്ച് കൊഴുക്കുന്ന അന്ധവിശ്വാസ പ്രചാരകരെ വാരിപ്പുണരാൻ ആധുനിക പുരോഗമന രാഷ്ട്രിയത്തിന് ഒരു മടിയുമുണ്ടായില്ല. സമുദായത്തിൽ അവാന്തരവിഭാഗങ്ങളെ സൃഷ്ടിച്ച് അവയെ അടർത്തിയെടുത്ത് ഐക്യബലത്തെ ക്ഷയിപ്പിക്കാൻ ശ്രമിക്കുന്നവർ സമുദായത്തിന്റെ നൻമയല്ല ആഗ്രഹിക്കുന്നത് എന്നത് വ്യക്തമാണ്.

സമുദായ രാഷ്ട്രീയത്തിൽനിന്ന് തെറിച്ച് നിന്ന കൊള്ളികളെ ഊരിയെടുക്കാനുള്ള മിടുക്ക് ഇവരുടെ പ്രത്യേകതയാണ്. ബാബരി മസ്ജിദ് ധ്വംസനത്തിൽ നൊമ്പരപ്പെട്ട സമുദായത്തിന്റെ മനസ്സ് കവർന്നെടുക്കാൻ ഇടിവെട്ട് പ്രഭാഷണവുമായി കടന്നുവന്ന അബ്ദുന്നാസിർ മഅ്ദനിയുടെ തേരോട്ടത്തിനും വഴിയൊരുക്കാൻ ഇവർ മുന്നിൽ നിന്നു. മതരാഷ്ട്രവാദവുമായി രംഗത്തുവന്ന ജമാഅത്തെ ഇസ്‌ലാമിയുമായി ഏറെ കാലം സൗഹൃദം പങ്കിട്ടതും കേരള രാഷ്ട്രീയത്തിലെ കൗതുകങ്ങളിൽ ഒന്നാണ്. സമുദായത്തിലെ എല്ലാ സംഘടനകളും അവരിൽനിന്ന് ദൂരം പാലിച്ചതാണ് ജമാഅത്തെ ഇസ്‌ലാമിയിൽ അവർ കണ്ട യോഗ്യത. കമ്യൂണിസത്തിന്റെ വിപ്ലവ വീര്യത്തെ വാനോളം പുകഴ്ത്തിയ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനങ്ങൾക്ക് വിപ്ലവ പരിവേഷം നൽകി സമീകരിക്കാൻ ശ്രമിക്കു

കയായിരുന്നു. അവസാനം ഉദയം ചെയ്ത ശജറകളിലും ഇത്തരം തെറിച്ച രാഷ്ട്രീയത്തിന്റെ പല സാമ്യതകളും ദർശിക്കാനാകും. പ്രാദേശിക, സാമുദായിക പ്രശ്നങ്ങളിൽ ആൾക്കൂട്ടങ്ങൾക്ക് പകരം നീതിക്ക് പ്രാധാന്യം നൽകിയിരുന്ന പഴയകാല ഇടതു നേതാക്കളുടെ മാതൃകയിലേക്ക് തിരിച്ചുപോകാത്തിടത്തോളം സമുദായത്തിന്റെ ആശങ്ക നിലനിൽക്കും.

മഹാനായ രണ്ടത്താണി സെയ്ദ് മൗലവി പൊന്നാനിയിൽ മതപ്രഭാഷണം നടത്തിക്കൊണ്ടിരിക്കെ യാഥാസ്ഥിതിക വിഭാഗം സ്റ്റേജിലേക്ക് പാഞ്ഞുകയറി മൗലവിയെ ക്രൂരമായി മർദിച്ച് അവശനാക്കുകയുണ്ടായി. വിവരമറിഞ്ഞയുടനെ അന്നത്തെ ഗതാഗത മന്ത്രിയായിരുന്ന സഖാവ് ഇമ്പിച്ചിബാവ ചികിൽസയിലായിരുന്ന മൗലവിയുടെ സമീപത്തേക്ക് ഓടിയെത്തി സമാശ്വസിപ്പിച്ചു. കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞ മന്ത്രിയോട് 'അവരെ വെറുതെ വിടൂ, അവർ അറിവില്ലാത്തവരാണ്' എന്ന് മൗലവി പറഞ്ഞുവത്രെ. ഇത്തരം മഹാമനസ്കരെ പുസ്തകങ്ങളിലും ചരിത്രങ്ങളിലും വായിച്ചറിഞ്ഞുവെന്നല്ലാതെ നേരിട്ട് കാണുന്നത് ആദ്യമായാണെന്ന് അദ്ദേഹം ആശ്ചര്യപ്പെട്ടു. അധികാര രാഷ്ട്രീയത്തിന് വേണ്ടിയുള്ള ലാഭനഷ്ടങ്ങൾക്കുമപ്പുറം അനീതിക്കിരയായവരുടെ വേദനകൾക്കൊപ്പം നിൽക്കാനുള്ള മഹാമനസ്കതയാണ് അധികാരികൾക്ക് വേണ്ടതെന്ന തിരിച്ചറിവു നൽകുന്ന സംഭവമാണിത്. അതിൽനിന്ന് വിഭിന്നമായ സമീപനമാണ് സമകാലിക മുന്നണിരാഷ്ട്രീയത്തിന്റെ മത്സരയോട്ടത്തിൽ നിഴലിച്ച് കാണുന്നത്. സോഷ്യലിസത്തിന്റെ ആശയധാരയിൽ സഞ്ചരിക്കുന്ന അധികാരവർഗത്തിന് വൈവിധ്യങ്ങളിലെ അവശതയനുഭവിക്കുന്നവരെ കണ്ടെത്തി പുനരധിവാസ പദ്ധതികൾ പ്രഖ്യാപിക്കുന്നതിലുള്ള വിമുഖതയാണ് നാം കാണുന്നത്. അതിന്റെ പേരിൽ നഷ്ടങ്ങളേറെ സംഭവിച്ചത് മുസ്‌ലിംകൾക്കും സംവരണ വിഭാഗങ്ങൾക്കുമാണ്. അത് നികത്താനുള്ള ശ്രമങ്ങൾക്കു പകരം സമുദായത്തെ സങ്കീർണമായ വിഭാഗീയതയിലേക്ക് തള്ളിയിട്ട് നിശ്ശബ്ദമാക്കുന്ന ശൈലി നൈതിക രാഷ്ട്രീയത്തിന് യോജിച്ചതല്ല. സർക്കാർ ഉദ്യോഗ മേഖലയിലെ മുസ്‌ലിം പ്രാതിനിധ്യത്തിന്റെ കണക്കുകൾ പുറത്തുവിടാൻ തയ്യാറാകണം.

വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളിലെയും സാമൂഹിക പുരോഗതിയെ പ്രതിപാദിക്കുന്ന ധവളപത്രമിറക്കി ആശയക്കുഴപ്പങ്ങൾക്ക് അറുതി വരുത്തണം. അനർഹമായത് സമുദായം നേടിയെന്ന് പ്രചരിപ്പിക്കുന്ന സംഘപരിവാര പ്രചാരണങ്ങൾക്കെതിരെ വസ്തുനിഷ്ഠമായ കണക്കുകൾ പുറത്തുവിട്ട് യാഥാർഥ്യം വ്യക്തമാക്കുകയും വേണം. സമൂഹം നേരിടുന്ന ഗുരുതരമായ വിഷയങ്ങളെ തമസ്കരിക്കുകയും ചർച്ചകളെ മറ്റൊരു ദിശയിലേക്ക് തിരിച്ചുവിടുകയും ചെയ്യുന്ന ശൈലി ഒരിക്കലും ഭൂഷണമല്ലന്നർഥം.


> സോഷ്യലിസത്തിന്റെ ആശയധാരയിൽ സഞ്ചരിക്കുന്ന അധികാരവർഗത്തിന് വൈവിധ്യങ്ങളിലെ അവശതയനുഭവിക്കുന്നവരെ കണ്ടെത്തി പുനരധിവാസ പദ്ധതികൾ പ്രഖ്യാപിക്കുന്നതിലുള്ള വിമുഖതയാണ് നാം കാണുന്നത്. അതിന്റെ പേരിൽ നഷ്ടങ്ങളേറെ സംഭവിച്ചത് മുസ്‌ലിംകൾക്കും സംവരണ വിഭാഗങ്ങൾക്കുമാണ്. അത് നികത്താനുള്ള ശ്രമങ്ങൾക്കു പകരം സമുദായത്തെ സങ്കീർണമായ വിഭാഗീയതയിലേക്ക് തള്ളിയിട്ട് നിശ്ശബ്ദമാക്കുന്ന ശൈലി നൈതിക രാഷ്ട്രീയത്തിന് യോജിച്ചതല്ല.

### സംഘടിത രാഷ്ട്രീയവും സമുദായവും

കേരളത്തിലെ മുസ്‌ലിം നവോത്ഥാനത്തിനായി പരിഷ്കർത്താക്കൾ സഹിച്ച ത്യാഗങ്ങളെ വിസ്മരിച്ചുകൊണ്ട് പുതിയകാലത്തെ വരവേൽക്കാൻ സാധ്യമല്ല. സാമൂഹിക ജീവതത്തിലെ സർവ മേഖലകളെയും പരിവർത്തനവിധേയമാക്കാൻ നവോത്ഥാന നായകർ അവരുടെ ജീവിതംതന്നെ സമർപ്പിച്ചിരുന്നു. 1921ലെ മലബാർ കലാപത്തോടുകൂടി സായുധമായ സമരരീതികളിൽനിന്ന് മുസ്‌ലിം സമുദായം സമ്പൂർണമായി പിൻവാങ്ങിയിരുന്നു. ജനാധിപത്യ വിലപേശലുകളുടെ പക്വതയിലേക്ക് സമുദായ മനസ്സ് പരിവർത്തിതമായി. സമുദായത്തിന്റെ സക്രിയമായ ശേഷിയെ ഉപയോഗപ്പെടുത്തി അവശതകൾക്ക് പരിഹാരം കാണാനും കൃത്യമായ ആലോചനകളിലൂടെ പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള സംഘടിത സംവിധാനം ഉണ്ടായിരുന്നില്ല. മാപ്പിളമാർ അനുഭവിച്ചിരുന്ന ദുരിതങ്ങ

ളിലേക്ക് തിരിഞ്ഞുനോക്കാൻ കൂട്ടാക്കാതിരുന്ന ദേശീയ പ്രസ്ഥാന നേതൃത്വത്തോടുള്ള വിശ്വാസം നഷ്ടപ്പെട്ട സാഹചര്യവുമുണ്ടായി. കേരള മുസ്‌ലിം ഐക്യസംഘം അത്തരം ഒരു പ്രവർത്തന മേഖലയിലേക്ക് ശ്രദ്ധതിരിക്കുകയും സംഘടിതമായ ഒരു രാഷ്ട്രീയ കൂട്ടായ്മയ്ക്ക് രൂപം നൽകുകയും ചെയ്തു. അഡ്വ.ബി പോക്കർ സാഹിബിന്റെ പ്രവർത്തനങ്ങൾ അത്തരം ശ്രമങ്ങൾക്ക് കൂടുതൽ ബലം നൽകുന്നതായിരുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടിയും സമുദായത്തെ രാഷ്ട്രീയ പ്രബുദ്ധരാക്കാനും കേരളത്തിൽ ഏറ്റവും കൂടുതൽ ത്യാഗമനുഭവിച്ചിരുന്നവരായിരുന്നു സലഫീ നേതാക്കളായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും ഇ.മൊയ്തു മൗലവിയും. മൊയ്തു മൗലവിയെ സബ് എഡിറ്ററാക്കി അബ്ദുറഹ്മാൻ സാഹിബ് സ്വന്തം സമ്പത്ത് മുഴുവൻ ചെലവഴിച്ച് ആരംഭിച്ച അൽഅമീൻ പത്രമായിരുന്നു കേരളത്തിലെ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ഏറ്റവും ധീരമായ ജിഹ്വ. പൊതു രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ മുസ്‌ലിം പങ്കാളിത്തം രാജ്യത്തെയും പൊതുസമൂഹത്തെയും സേവിക്കുന്ന പുണ്യത്തിന് മുസ്‌ലിംകൾക്ക് കൂടുതൽ അവസരങ്ങൾ നൽകുമെന്നും മുസ്‌ലിംകളെ ഒറ്റപ്പെടുത്താനുള്ള സവർണ തന്ത്രത്തിന് അത് തടയിടുമെന്നുമുള്ള വീക്ഷണം വച്ചുപുലർത്തിയാണ് അവർ മുന്നോട്ടുപോയത്. അതിന് അവർ നൽകിയ വില വമ്പിച്ചതായിരുന്നു. കേരളത്തിലെ സലഫീ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവ് കെഎം സീതി സാഹിബ്, എകെ കുഞ്ഞിമായിൻ ഹാജി പോലുള്ള, തലശ്ശേരിയിലെ ഇസ്‌ലാഹീ പ്രവർത്തകരും പിവി മുഹമ്മദ് മൗലവിയുമെല്ലാം ഇത്തരം സംഘടിത മുന്നേറ്റങ്ങൾക്ക് സംഭാവന നൽകിയവരാണ്. മലബാറിലെ രണ്ടാമത്തെ ലീഗ് ശാഖ രൂപീകരിക്കപ്പെട്ടത് തിരൂരങ്ങാടിയിലായിരുന്നു. കെഎം മൗലവി, ഇകെ മൗലവി, കെ ഉമർ മൗലവിയടക്കമുള്ള സലഫീ പണ്ഡിതർ രാഷ്ട്രീയ പ്രസ്ഥാനമുന്നേറ്റത്തിന് നേതൃത്വം നൽകി




| Services | IAS | IPS | IFS | Judiciary |
|---|---|---|---|---|
| Qualification required | Graduation | Graduation | Graduation | Law Graduate |
| Qualified Muslims | 3.6% | 3.6% | 3.6% | 1.3% |
| Existing Percentage | 2.2% | 3% | 1.6% | 2.7% |

Sources: Census of India and the Sachar report

മുസ്‌ലിം സമുദായത്തിന്റെ അഭിമാനകരമായ നിലനിൽപ് ഉറപ്പുവരുത്താൻ സ്വാതന്ത്ര്യാനന്തരം സർവേന്ത്യാ മുസ്‌ലിം ലീഗിന് തുടർച്ചയുണ്ടാകണമെന്ന് നേതാക്കൾ യുക്തിസഹമായി വാദിച്ചതിനടിസ്ഥാനത്തിലാണ് ഈ പ്രവർത്തനങ്ങളെല്ലാം വ്യാപകമാക്കിയത്. സമുദായത്തെ രാഷ്ട്രീയ പ്രബുദ്ധരാക്കാനുള്ള ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ ചരിത്രത്തിൽ ഉല്ലേഖനം ചെയ്തിട്ടുണ്ട്.

സംഘടിത രാഷ്ട്രീയ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനുവേണ്ടി ധിഷണാശാലിയായ കെഎം സീതി സാഹിബിന്റെ സമർഥമായ പ്രവർത്തന ഫലമാണ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളും സയ്യിദ് പൂക്കോയ തങ്ങളുമെല്ലാം മുസ്‌ലിം രാഷ്ട്രീയ മുന്നേറ്റത്തിന്റെ ഭാഗമായത്. ഇവർ രണ്ടുപേരും കെഎം മൗലവിയുമായുള്ള സൗഹൃദവും ബന്ധവുമെല്ലാം രാഷ്ട്രീയ മേഖലയിൽ ചരിത്രം രചിക്കുകയുണ്ടായി. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച ഉടനെയുള്ള വർഷങ്ങളിൽ മുസ്‌ലിം രാഷ്ട്രീയ വക്താക്കളായി പ്രവർത്തിക്കുന്നത് ശ്രമകരമായ കാര്യമായിരുന്നിട്ടുകൂടി അതിനെ അതിജീവിച്ച് മുന്നോട്ടുപോകാൻ ഇവർ സഹിച്ച ത്യാഗം എത്രമാത്രമായിരുക്കുമെന്ന് ഊഹിക്കാവുന്നതാണ്. ഇത്രയും ത്യാഗം സഹിച്ച് നേടിയെടുത്ത സംഘശക്തിയെ ഒറ്റുകൊടുക്കാൻ തയ്യാറാകുന്നവരുടെ മുൻഗാമികൾ അന്നും നിസ്സംഗരായിരുന്നുവെന്ന് തിരിച്ചറിയാനാകും. സൂഫി ധാരയിലൂടെ സഞ്ചരിച്ച പൂക്കോയതങ്ങളും ബാഫഖി തങ്ങളുമെല്ലാം സലഫി പണ്ഡിതരോടും നേതാക്കളോടും തോളുരുമ്മി പ്രവർത്തിച്ചത് പുതുതലമുറയ്ക്ക് പാഠമാകണം. അവർ മത ആദർശ പരിപാടികളിൽനിന്ന് പരസ്പരം അകന്നുനിന്നതിനെ സൂക്ഷ്മ പഠനത്തിന് വിധേയമാക്കിയാൽ അതിലും വലിയ ഗുണപാഠം നമുക്ക് കണ്ടെത്താനാകും. പൊതുവായ കാര്യങ്ങളിൽ കക്ഷിഭേദമന്യെ ഒന്നിച്ച് നിന്ന ആ നേതാക്കൾ ആദർശവേദികളിൽ പരസ്പരം പങ്കെടുത്തതായി കാണാൻ സാധ്യമല്ല. മുജാഹിദ് വേദികളിൽ പാണക്കാട് തങ്ങൾമാരെ പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നവരും അതിനായി ശാഠ്യം പിടിക്കുന്നവരും ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുന്നത് നല്ലതാണ്. സമുദായത്തി

ന്റെ ഗുണത്തിന് ഏറെ ഉപകാരപ്പെടുന്നത് അത്തരമൊരു സമീപനമായിരിക്കാമെന്നതും പഠനവിധേയമാകേണ്ടിയിരിക്കുന്നു.

**പ്രമാണങ്ങളെ നിരാകരിക്കുന്ന രാഷ്ട്രീയം**

നബി(സ്വ)യുടെ കാലം മുതലേ ഇസ്‌ലാമിന്റെ ശത്രുക്കൾ ശക്തമായ ആക്രമണങ്ങളഴിച്ചുവിടുകയും ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു. അതിനെയെല്ലാം നിഷ്പ്രഭമാക്കുന്നവിധം വിശുദ്ധ ക്വുർആനിന്റെ ആശയങ്ങൾ പ്രോജ്വലിച്ചു നിന്നു. ആധുനികത ഉയർത്തുന്ന ഏതൊരു വെല്ലുവിളിയെയും അതിജയിക്കാൻ സാധിക്കുന്ന ദൈവിക ദർശനമാണ് ഇസ്‌ലാം. ലോകാവസാനം വരെയുള്ളവർക്ക് മാർഗദർശനമായി അത് നിലനിൽക്കുമെന്നത് പ്രപഞ്ച സ്രഷ്ടാവിന്റെ വാഗ്ദാനമാണ്. കേരളത്തിലെ നവലിബറലുകൾ ഈ വസ്തുതകളെ വിസ്മരിച്ചുകൊണ്ടാണ് ഇസ്‌ലാമിനെതിരെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം തങ്ങളുടെ മാത്രം അന്വേഷണങ്ങളിൽനിന്നും ബൗദ്ധികശേഷിയിൽ നിന്നും രൂപപ്പെട്ടതാണെന്ന് സ്വയം വിശ്വസിക്കാനാണവർ ശ്രമിച്ചത്. എന്നാൽ ഇത്തരം ആരോപണങ്ങൾ ഇസ്‌ലാമിനോളം പഴക്കമുള്ളതാണെന്നും അതിനെല്ലാം വ്യക്തമായ ഉത്തരമുള്ളതുമാണെന്ന് മനസ്സിലാക്കാൻ അവരുടെ യുക്തിവാദ അപ്പോസ്തലർക്ക് അടിമപ്പെട്ടുപോയ മസ്തിഷ്കത്തിന് സാധിക്കാറില്ല.

ഭൗതിക വിജ്ഞാനങ്ങളിൽ പോലും മതിയായ പരിജ്ഞാനമില്ലാത്തവരും അറബി ഭാഷയിലെ അക്ഷരങ്ങളെ പോലും തിരിച്ചറിയാത്തവരും പടച്ചുവിടുന്ന വിമർശനങ്ങൾക്ക് മുന്നിൽ പതറിപ്പോകുന്ന മതയുക്തിവാദികളുടെ രാഷ്ട്രീയം വളരെ അത്ഭുതകരമാണ്. മതനവീകരണത്തിനും പരിഷ്കരണത്തിനും വേണ്ടി ആവശ്യപ്പെടുന്ന തലങ്ങളിലേക്ക് ഇവർ എത്തിപ്പെടുന്നു. ക്വുർആനും പ്രവാചകചര്യയും സ്വീകരിക്കുന്നതിന് പൂർവികരായ സ്വഹാബികളുടെയും പണ്ഡിതരുടെയും മാർഗങ്ങൾ അവലംബിക്കുന്നതിനെ യാഥാസ്ഥികതയായി വ്യാഖ്യാനിക്കാൻ ഇവർ ശ്രമിക്കുന്നു. ഗവേഷണ നിരീക്ഷണങ്ങളിലൂടെ അറിവുകൾ കണ്ടെത്തുന്നതും നാഗരികതയും മാനവികതയും ഉദാത്തവൽകരിക്കുന്നത് മനുഷ്യൻ മാത്രമാണെന്ന് വാദിച്ചുകൊണ്ടാണിവർ അത് സമർഥിക്കാൻ ശ്രമിക്കുന്നത്.

പ്രവാചക ജീവിതത്തിന്റെ സമാഹാരമായ ഹദീസുകളുടെ ആധികാരിതെയാണിവർ ചോദ്യം ചെയ്യുന്നത്. ഹദീസുകളുടെ ആധികാരികതയിൽ സംശയം ജനിപ്പിച്ചുകൊണ്ട് മുഹമ്മദ് നബി(സ്വ)യുടെ ചരിത്രപരതയെ സംശയാസ്പദമാക്കിത്തീർക്കുകയെന്ന ക്രൈസ്തവ മിഷണറി-ഓറിയന്റലിസ്റ്റ് തന്ത്രങ്ങളുടെ കെണിയിൽ വീഴുകയാണിവർ ചെയ്യുന്നത്. പ്രവാചകന്റെ വിവാഹങ്ങൾ, അനന്തരാവകാശ നിയമങ്ങൾ, വിവാഹം, വിവാഹമോചനം തുടങ്ങിയ ഒട്ടേറെ കാര്യങ്ങളിൽ മതനിഷേധികൾ ഉണ്ടാക്കുന്ന ആശയക്കുഴപ്പങ്ങൾക്ക് മറുപടി പറയാൻ പ്രമാണങ്ങളിൽതന്നെ ഉത്തരമുണ്ടായിരിക്കെ നിഷേധങ്ങളിൽ അടയിരിക്കാനാണ് പലപ്പോഴും ഇവർ ശ്രമിക്കാറുള്ളത്. പ്രമാണങ്ങളോടുള്ള ഇത്തരം നിഷേധഭാവത്തെ ശക്തമായി തുറന്നെതിർക്കുന്നതും വസ്തുത വിശദീകരിക്കുന്നതും പ്രബോധകരുടെ ഉത്തരവാദിത്തമാണ്. അത് ഉറക്കെ തുറന്നുപറഞ്ഞ് തിരുത്താൻ ശ്രമിച്ചതുകൊണ്ടാണ് കേരളത്തിലെ സലഫീ ധാരയിൽ ഭിന്നിപ്പുണ്ടായത്. ആദർശപരമായ വൈജാത്യങ്ങളിൽ വേറിട്ടുനിൽക്കുന്നവർ പ്രമാണവിരുദ്ധ സമീപനങ്ങൾ സ്വീകരിച്ചവരാണെന്ന് ബോധ്യമാകും.

**വെള്ളാപ്പള്ളിയെ സർക്കാർ തിരുത്തണം**

കേരളത്തിലെ ഇടതു സർക്കാർ മുസ്‌ലിം സമുദായത്തിന് വാരിക്കോരി നൽകുന്നുവെന്ന എസ് എൻ ഡി പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവന സമുദായത്തെ അരികുവൽകരിക്കാനുള്ള സംഘ്പരിവാര കുതന്ത്രങ്ങളുടെ ഭാഗമാണ്. സി.പി.എമ്മും

സച്ചാർ സമിതിയുടെ നിർദേശപ്രകാരം നൂറ് ശതമാനം അർഹതപ്പെട്ട സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ സർക്കാറിന്റെ നയവൈകല്യം കൊണ്ട് അട്ടിമറിക്കപ്പെടുകയാണുണ്ടായത്. പാർലമെന്റിലും നിയമസഭയിലും സീറ്റ് നൽകുന്നതിലും മന്ത്രിസഭയിൽ പ്രാതിനിധ്യം നൽകുന്നതിലും സമുദായത്തിനെതിരെയുള്ള വിവേചനം പ്രകടമാണ്. മുസ്‌ലിം സമൂഹത്തോടൊപ്പം നിൽക്കുന്നു എന്ന് പൊതു സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്നതിൽ ഇടത് സർക്കാർ പലപ്പോഴും വിജയിക്കാറുണ്ട്. എന്നാൽ യാഥാർഥ്യങ്ങൾക്ക് നേരെ കണ്ണടക്കുന്ന ഇത്തരം സാമൂഹിക വിപത്തുകൾക്ക് നേരെ വസ്തുനിഷ്ഠമായ കാര്യങ്ങൾ വ്യക്തമാക്കി കൊടുക്കാൻ അധികാരികൾ തയ്യാറാകണം.

ഇടതുപക്ഷവും മുസ്‌ലിം അജണ്ട നടപ്പാക്കുകയാണെന്ന ക്രൂരമായ ആരോപണത്തിനെതിരെ രാഷ്ട്രീയ നേതൃത്വം മൗനമായിരുന്നാൽ ആരോപണങ്ങൾക്ക് ശക്തി കൂടും. മുസ്‌ലിം സമുദായത്തിനെതിരെ ആർക്കും എന്തും പറയാമെന്ന സാഹചര്യം രൂപപ്പെടും. അവകാശങ്ങൾക്ക് വേണ്ടിയുള്ള ശബ്ദങ്ങളെ

അടിച്ചമർത്താനുള്ള ഉപാധിയായി വ്യാഖ്യാനിക്കപ്പെടും. നീതിനിഷേധത്തിനെതിരെയുള്ള ശബ്ദങ്ങളെയും അവകാശങ്ങൾക്കായുള്ള പോരാട്ടങ്ങളെയും ഭീകരവാദികളുടെ ജൽപനങ്ങളായി ആക്ഷേപിക്കപ്പെടും. അതിനാൽ സർക്കാർ കൃത്യമായ കണക്കുകൾ പുറത്തുവിട്ട് സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്തണം. മുഖ്യമന്ത്രിയുടെ പ്രവർത്തന പദ്ധതികളിലൊന്നായ കേരള നവോത്ഥാന സമിതിയുടെ പ്രസിഡന്റാണ് വെള്ളാപ്പള്ളി നടേശൻ. ഏകദേശം എൺപതിലേറെ നവോത്ഥാന സംഘടനകൾ ഒരുമിച്ച് നിൽക്കുന്ന വേദിയാണത്. രാഷ്ട്രീയമായ നേട്ടങ്ങളെ ലക്ഷ്യമാക്കിയാണെങ്കിലും അതിന്റെ പ്രവർത്തനങ്ങളിൽ ചില പ്രതീക്ഷകളുണ്ടായിരുന്നു. ചിലപ്പോഴെല്ലാം ഒളിയജണ്ടകളെ ചികഞ്ഞെടുക്കാനും ചോദ്യം ചെയ്യാനും അവസരമുണ്ടായിരുന്നു.

വെള്ളാപ്പള്ളിയുടെ നാട്ടിൽ നടന്ന നവോത്ഥാന സമിതിയുടെ ശിൽപശാലയിൽ ക്ലാസടുത്തിരുന്ന ഡോ.എം എ സിദ്ദീഖിന്റെ അവതരണത്തിൽ ശ്രീനാരായണ ഗുരുവിന്റെ നവോത്ഥാന ശ്രമങ്ങളെ മനോഹരമായി അനാവരണം ചെയ്തപ്പോൾ ഒരിക്കൽ പോലും വക്കം മൗലവിയുടെ പേര് ഗുരുവിൻെറ കൂടെ ചേർത്ത് വരാതിരിക്കാനുള്ള അദ്ദേഹത്തിന്റെ സൂക്ഷ്മത ഏറെ ആശ്ചര്യപ്പെടുത്തുന്നതായിരുന്നു. വെള്ളാപ്പള്ളിയുടെ ആരോപണങ്ങളെ നിഷ്പക്ഷ വായനയ്ക്കായി അവസരമൊരുക്കാൻ സർക്കാറും മാധ്യമങ്ങളും തയ്യാറാകണം. ഇടത് സർക്കാർ മുസ്‌ലിം സമൂഹത്തിന്റെ ഭരണഘടനാനുസൃത ആനുകൂല്യങ്ങൾ പോലും നിഷേധിക്കുകയാണ് ചെയ്തത്. സച്ചാർ സമിതിയുടെ നിർദേശപ്രകാരം നൂറ് ശതമാനം അർഹതപ്പെട്ട സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ സർക്കാറിന്റെ നയവൈകല്യം കൊണ്ട് അട്ടിമറിക്കപ്പെടുകയാണുണ്ടായത്.

പാർലമെന്റിലും നിയമസഭയിലും സീറ്റ് നൽകുന്നതിലും മന്ത്രിസഭയിൽ പ്രാതിനിധ്യം നൽകുന്നതിലും സമുദായത്തിനെതിരെയുള്ള വിവേചനം പ്രകടമാണ്.മുസ്‌ലിം സമൂഹത്തോടൊപ്പം നിൽക്കുന്നു എന്ന് പൊതു സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്നതിൽ ഇടത് സർക്കാർ പലപ്പോഴും വിജയിക്കാറുണ്ട്. എന്നാൽ യാഥാർഥ്യങ്ങൾക്ക് നേരെ കണ്ണടക്കുന്ന ഇത്തരം സാമൂഹിക വിപത്തുകൾക്ക് നേരെ വസ്തുനിഷ്ഠമായ കാര്യങ്ങൾ വ്യക്തമാക്കി കൊടുക്കാൻ അധികാരികൾ തയ്യാറാകണം. മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കാനായി സച്ചാർ സമിതി നിർദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായ വി.എസ് അച്ചുതാനന്ദൻ സർക്കാർ അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ചെയർമാനായ ഒരു സമിതി രൂപീകരിക്കുകയുണ്ടായി. സച്ചാർ റിപ്പോർട്ടിൽ പരാമർശിച്ച മുസ്‌ലിം പിന്നാക്കാവസ്ഥ പ്രത്യേകം എടുത്തുപറഞ്ഞ് കൊണ്ടാണ് പാലോളി കമ്മിറ്റിയും റിപ്പോർട്ട് സമർപ്പിച്ചത്.

ക്രൈസ്തവ സമൂഹത്തോട് താരതമ്യം ചെയ്ത് മുസ്‌ലിം വിദ്യാഭ്യാസ നിലവാരം വളരെ പിറകിലാണെന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നാക്കാവസ്ഥയും ജനസംഖ്യയും പരിഗണിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആനുപാതികമായി മുസ്‌ലിംകൾക്ക് ലഭിച്ചിട്ടില്ലന്ന വസ്തുതയും അതിൽ പരാമർശിച്ചിട്ടുണ്ട്. കേരള ജനസംഖ്യയുടെ 26% ഉള്ള മുസ്‌ലിംകൾ സർക്കാർ സർവീസിൽ 11% മാത്രമാണെന്നും പ്രത്യേക പരാമർശമുണ്ട്. മദ്റസാധ്യാപകരുടെ ദയനീയ ജീവിതനിലവാരവും അവർക്ക് ക്ഷേമബോർഡ് രൂപീകരിക്കേണ്ടതിന്റ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്നു.

മുസ്‌ലിം സമുദായം ഏറെ മുന്നിലെന്ന് വരുത്താൻ മാധ്യമങ്ങളും സാംസ്കാരിക നായകൻമാരുമെല്ലാം മഷി വിതറുമ്പോഴും നിഷ്പക്ഷമായ പഠനങ്ങൾ കൃത്യമായ സത്യം ബോധ്യപ്പെടുത്തുന്നുണ്ട്. മുസ്‌ലിംകൾ കൂടുതലായി താമസിക്കുന്ന മലബാർ ഏരിയകളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ തന്നെ മുസ്‌ലിം സമുദായത്തെ പിന്നാക്കാവസ്ഥയിൽ തളച്ചിടാനുള്ള ശ്രമം അന്തർധാരയിൽ സജീവമാണെന്ന് ബോധ്യപ്പെടും. ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കാത്ത വിദ്യാർഥികൾ തെക്കൻ ജില്ലകളെ അപേക്ഷിച്ച് മലബാർ ജില്ലകളിൽ കൂടുതലാണ്. മാത്രമല്ല തെക്കൻ ജില്ലകളിൽ പ്ലസ്‌വൺ സീറ്റുകൾ അധികമാവുകയും ഒഴിഞ്ഞ് കിടക്കുകയും ചെയ്യുമ്പോൾ മലബാറിൽ സീറ്റുകൾ ലഭിക്കാതെ തുടർപഠനം മുടങ്ങിയവർ ധാരാളമാണ്. മലപ്പുറം ജില്ലയിൽ മാത്രം 25000ൽ അധികം വിദ്യാർഥികൾ പുറത്താണ്.

ബാബരി മസ്ജിദിന്റ ധ്വംസനത്തിന് ശേഷം ഇന്ത്യൻ മുസ്‌ലിംകളിൽ അരക്ഷിതബോധം നിലനിൽക്കുന്നുവെന്ന തിരിച്ചറിവിൽനിന്ന് മുസ്‌ലിം സമുദായത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കാൻ അന്നത്തെ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗ് നിയോഗിച്ച ജസ്റ്റിസ് രജിന്ദർ സച്ചാർ ചെയർമാനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ഒരു പരാമർശം ശ്രദ്ധേയമാണ്. "ഒരേസമയം രണ്ട് തരം പീഡനമാണ് മുസ്‌ലിംകൾ ഏൽക്കേണ്ടി വരുന്നത്. ദേശവിരുദ്ധർ എന്ന ആക്ഷേപവും മുസ്‌ലിംകളെ പ്രീണിപ്പിക്കുന്നു എന്ന ആരോപണവും. തങ്ങൾ ദേശവിരുദ്ധരല്ലെന്നും ഭീകരവാദികളല്ലെന്നും ദിവസേന തെളിയിക്കേണ്ട അവസ്ഥയാണ് മുസ്‌ലിംകൾക്കുള്ളത്."

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 15

# നാലാം വാർഷിക സമ്മേളന അവലോകനം

> വിദ്യാഭ്യാസത്തെ ലൗകികമെന്നും ദൈവികമെന്നും രണ്ടായി തരംതിരിക്കുന്നത് ഉചിതമല്ലെന്നും മുസ്‌ലിമീങ്ങളുടെ വിദ്യാഭ്യാസം എപ്പോഴും ഇസ്‌ലാമികമായിരിക്കണമെന്നുമാണ് മൗലാനാ പറയുന്നത്. ഭൗതികവും ആത്മീയവുമായ അഭിവൃദ്ധിക്കുള്ള മാർഗ്ഗത്തെ കാണിക്കുവാനായിട്ടാണ് ഇസ്‌ലാംമതം വന്നിട്ടുള്ളത്. ഈ രണ്ടു സംഗതികളും നിർവ്വഹിക്കുവാൻ ആവശ്യമായിവരുന്ന എല്ലാവക വിദ്യാഭ്യാസവും ഇസ്‌ലാമികമാണ്.

മുസ്‌ലിം ഐക്യസംഘം നാലാം വാർഷികയോഗത്തെക്കുറിച്ച് ഇ.കെ.മൗലവിയുടെ പത്രാധിപത്യത്തിലുള്ള അൽഇർഷാദ് മാസികപ്രസിദ്ധീകരിച്ച അവലോകന റിപ്പോർട്ട്:

"സമസ്തകേരള മുസ്‌ലിം ഐക്യസംഘത്തിന്റെ നാലാം വാർഷികസമ്മേളനം കഴിഞ്ഞ മെയ് 15, 16 തിയ്യതികളിൽ തലശ്ശേരിയിൽ വെച്ചു മൗലാനാ മുഹമ്മദ് മാർമെഡ്യൂക്ക് പിക്താൾ സാഹിബിന്റെ അധ്യക്ഷതയിൽ കേമമായി കഴിഞ്ഞുകൂടിയിരിക്കുന്നു. ഇക്കൊല്ലത്തെ വാർഷികയോഗം പലതുകൊണ്ടും ഒരു സമസ്ത കേരള മുസ്‌ലിം ഐക്യസംഘം തന്നെ ആയിട്ടുണ്ടെന്ന് പറയാം. കേരളത്തിന്റെ മിക്ക ഭാഗങ്ങളിൽനിന്നും പല മാന്യന്മാരും ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. മൗലാനാ ചെയ്ത അധ്യക്ഷപ്രസംഗത്തിലെ ഓരോ ഭാഗത്തെ പറ്റിയും നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതും അവയെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതും നമ്മുടെ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ചുമതലയാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. വിദ്യാഭ്യാസത്തെ



ലൗകികമെന്നും ദൈവികമെന്നും രണ്ടായി തരംതിരിക്കുന്നത് ഉചിതമല്ലെന്നും മുസ്‌ലിമീങ്ങളുടെ വിദ്യാഭ്യാസം എപ്പോഴും ഇസ്‌ലാമികമായിരിക്കണമെന്നുമാണ് മൗലാനാ പറയുന്നത്. ഭൗതികവും ആത്മീയവുമായ അഭിവൃദ്ധിക്കുള്ള മാർഗ്ഗത്തെ കാണിക്കുവാനായിട്ടാണ് ഇസ്‌ലാംമതം വന്നിട്ടുള്ളത്. ഈ രണ്ടു സംഗതികളും നിർവ്വഹിക്കുവാൻ ആവശ്യമായിവരുന്ന എല്ലാവക വിദ്യാഭ്യാസവും ഇസ്‌ലാമികമാണ്. സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ച് അധ്യക്ഷൻ നല്ലപോലെ വിവരിച്ചിട്ടുണ്ട്. ബി.എക്കും ബി.എല്ലിനും സ്ത്രീകളെ അയച്ചു പഠിപ്പിക്കണമെന്നല്ല. ഒരു സ്ത്രീക്ക് അവളുടെ കടമകളെല്ലാം നിർവ്വഹിച്ചുകൊണ്ട് മുസ്‌ലിമത്തായി ജീവിക്കേണ്ടതിന്ന് ആവശ്യമായ അറിവുകളെല്ലാം ഉണ്ടാക്കിക്കൊടുക്കണമെന്നാണ് മൗലാനാ പറയുന്നത്. പള്ളിക്കൂടങ്ങളിലും മദ്റസകളിലും ചേർന്ന് അവിടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള കിതാബുകൾ മാത്രം പഠിച്ചു പാസാവുന്നതിലല്ലാ കുട്ടികളുടെ അഭിവൃദ്ധി സ്ഥിതി ചെയ്യുന്നത്. അവരുടെ പരിശീലനത്തിലാണെന്നുള്ള അധ്യക്ഷന്റെ അഭിപ്രായത്തെ എല്ലാ മദ്റസാ ഭാരവാഹികളെയും ഗുരുനാഥന്മാരെയും ഞങ്ങൾ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

മുസ്‌ലിംകളുടെ പൊതുഭാഷ അറബിയായിരിക്കണമെന്നുള്ള മൗലാനയുടെ ഉപദേശത്തിൽ പല രഹസ്യങ്ങളുമുണ്ട്. ഇസ്‌ലാംമതത്തിന്റെ പ്രചാരവും ഉയർച്ചയും അറബിഭാഷയുടെ പ്രചാരത്തെ ആശ്രയിച്ചാണിരിക്കുന്നതെന്ന് പൂർവ്വിക ഇസ്‌ലാം ചരിത്രം കൊണ്ടുതന്നെ കാണാവുന്നതാണ്. ഇക്കാര്യത്തിൽ കേരള മുസ്‌ലിംകൾ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ. അതിനുള്ള മാർഗ്ഗവും ഞങ്ങൾ ചൂണ്ടിക്കാണിക്കാം. ഇപ്പോൾ പള്ളികളിൽ നടന്നുവരുന്ന ദർസുകളിലെ എല്ലാ വിദ്യാർഥികളും കഴിയുന്നതും അറബിഭാഷ തന്നെ സംസാരിക്കണമെന്ന് ഒരു നിഷ്ഠയുണ്ടായിരിക്കുക. (മദ്റസകളിലും അപ്രകാരം ചെയ്യണം). ഉയർന്ന ക്ലാസുകളിൽ പാഠമെടുക്കുന്നത് (ചൊല്ലിക്കൊടുക്കുന്നത്) തന്നെ അറബിയിലായിരിക്കുക. ഇങ്ങനെ ചെയ്താൽ തീർച്ചയായും

അറബി ഭാഷക്ക് നല്ല പ്രചാരമുണ്ടാകുന്നതാണ്. അങ്ങിനെ പ്രചാരമുണ്ടായി കഴിഞ്ഞാൽ വീടുകളിലും അറബിഭാഷതന്നെ ആക്കിത്തീർക്കുവാൻ വലിയ പ്രയാസമുണ്ടായിരിക്കയില്ല. ഇതുതന്നെയായിരുന്നു മൗലാന മൗലവി കുഞ്ഞി അഹ്മദ് ഹാജി (നവ്വറല്ലാഹു മർഖദഹു) അവർകൾവിദ്യാഭ്യാസ പരിഷ്കരണത്തിനായി ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായയും അഭിലാഷവും. ഏതുകാലത്തും ഏതുകൂട്ടരും ഉയർന്നതും മഹാന്മാരായി തീർന്നതും ഭാഷയുടെ സഹായം കൊണ്ടാണ്. ഇന്ന് ഇംഗ്ലീഷുകാർക്ക് സിദ്ധിച്ചു കാണുന്ന പ്രാഗൽഭ്യവും ഇംഗ്ലീഷു ഭാഷമൂലമാണെന്ന് ആരും സമ്മതിക്കാതിരിക്കയില്ല.

> മുസ്‌ലിം ഐക്യസംഘം മതസംബന്ധമായ വിഷയങ്ങളിൽ കൂടുതൽ ഇടപെടേണ്ടതില്ലെന്നും ഭൗതികമായ വിഷയങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിച്ചാൽ മതിയെന്നുമുള്ള നിലപാട് ഇ.കെ.മൗലവിയെപ്പോലുള്ള ഐക്യസംഘത്തിന്റെ സ്ഥാപക നേതാക്കൾക്ക് ഊഹിക്കാൻ കഴിയുന്നതായിരുന്നില്ല. അൽഇർശാദ് മാസികയിലെ അവലോകനത്തിൽനിന്നും അക്കാര്യം മനസ്സിലാക്കാവുന്നതാണ്. സുന്നത്തും തൗഹീദും മാറ്റിനിർത്തുന്നത് പാരത്രികലോകത്ത് നഷ്ടമുണ്ടാക്കുന്നതുപോലെ ഭൗതികലോകത്തും അത് പരാജയങ്ങളുണ്ടാക്കും എന്നതായിരുന്നു അവരുടെ കാഴ്ചപ്പാട്. അതുകൊണ്ടുതന്നെ മതവിഷയങ്ങൾക്കു പ്രാമുഖ്യം നൽകുകയും അതോടൊപ്പം മുസ്‌ലിം സമൂഹത്തിന്റെ സാമൂഹികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ ഉന്നതിക്കുവേണ്ടി യത്നിക്കുകയും ചെയ്യുക എന്നതായിരുന്നു ഐക്യസംഘത്തിന്റെ എക്കാലത്തെയും നയം.

ഇനി സംഘത്തിൽ പാസാക്കിയിട്ടുള്ള ചില പ്രമേയങ്ങളെക്കുറിച്ചാണ് ഞങ്ങൾക്കു പറയുവാനുള്ളത്. ഇക്കൊല്ലത്തെ പ്രമേയങ്ങളെല്ലാം സംഘത്തിന്റെ ഉദ്ദേശ്യമനുസരിച്ചുള്ളവയാണെന്നുതന്നെ പറയാം. കേരള മുസ്‌ലിംകളെ ഒരേ ഒരു സമുദായമാക്കിത്തീർത്തത് തങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാന്മാർഗികവുമായ നിലയെ പരിഷ്കരിക്കുകയെന്നുള്ളതാണ് സംഘത്തിന്റെ പ്രധാന ഉദ്ദേശ്യം. മുസ്‌ലിം ഐക്യസംഘത്തിന്റെ ഉദ്ദേശ്യവും മൗലാനാ കിച്ച്‌ലു സാഹിബിന്റെ 'തൻളീം' പ്രസ്ഥാനവുമായി വലിയ വ്യത്യാസമൊന്നും കാണുകയില്ല. ഇവിടെ ഒരു സംഗതി എടുത്തുപറയേണ്ടതിലേക്ക് ഞങ്ങൾ നിർബന്ധിതരായിത്തീർന്നിരിക്കുന്നു. അതായത് മുസ്‌ലിം ഐക്യസംഘം കേവലം സാമുദായിക വിഷയത്തിൽ പരിശ്രമിക്കുന്നതല്ലാതെ മതസംബന്ധമായ വിഷയങ്ങളിൽ ആലോചിക്കുന്നതും ചിന്തിക്കുന്നതും അനാവശ്യമാണെന്നും അതു സംഘത്തിന്റെ പ്രചാരണത്തിനു തടസ്സമാണെന്നും സംഘത്തിന്റെ അഭ്യുദയകാംക്ഷികളിൽ ചിലർക്ക് അഭിപ്രായമുള്ളതായി ഞങ്ങൾക്കറിയുവാനിടയായിട്ടുണ്ട്. സമുദായാഭിവൃദ്ധിക്കുള്ള പരിശ്രമങ്ങൾക്ക് മതവുമായി യാതൊരു ബന്ധവുമില്ലെന്നുള്ള തെറ്റിദ്ധാരണകൊണ്ടല്ലാതെ ഇങ്ങനെ അഭിപ്രായമുണ്ടാകാനവകാശമില്ല. മനുഷ്യന്റെ ഏതു നിലയിലുള്ള അഭിവൃദ്ധിയും മതത്തെ ആശ്രയിച്ചാണിരിക്കുന്നത്.

മുസ്‌ലിമീങ്ങൾക്ക് ശരിയായ വിദ്യാഭ്യാസം കൊടുക്കുന്നതായാൽ അപ്പോൾ അവരുടെ അന്ധവിശ്വാസങ്ങളെല്ലാം നീങ്ങുകയും ഇസ്‌ലാമിന്റെ യഥാർത്ഥമായ ആദർശങ്ങളനുസരിച്ചു നടക്കുവാനുള്ള മനഃസ്ഥിതി അവരിൽ ഉണ്ടായിത്തീരുകയും ചെയ്യുമെന്നാണ് ഈ മാന്യന്മാരുടെ വാദം. എന്നാൽ സ്കൂളിലോ മറ്റോ പോയി പുസ്തകങ്ങൾ വായിച്ചു പഠിക്കുന്നത് മാത്രമെ വിദ്യാഭ്യാസമാവുകയുള്ളുവെന്ന് സമ്മതിക്കുവാൻ ഞങ്ങൾക്കു സാധിക്കയില്ല. ഏതെങ്കിലും ഒരു സംഗതി തെറ്റാണെന്ന് കാര്യകാരണസഹിതം ചൂണ്ടിക്കാണിച്ച് മനസ്സിലാക്കിയാൽ അത്രയും അറിവ് സിദ്ധിച്ചുവെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇന്ന് ഐക്യസംഘം ബിദ്അത്തുകളെ എതിർക്കുന്നത് അവ ബിദ്അത്തുകളാണെന്ന് രേഖാമൂലം തെളിവ് കൊടുത്തുകൊണ്ടാണ്. റസൂൽ(സ) ആദ്യം വിദ്യാഭ്യാസം ചെയ്യിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു കുറെ കാലം അവരെ പഠിപ്പിച്ചിട്ടല്ല മതപ്രബോധനം ആരംഭിച്ചത്. ആദ്യമായിതന്നെ ഏകദൈവ വിശ്വാസത്തെ (തൗഹീദിനെ)യാണ് നബി(സ) ഉപദേശിച്ചിരുന്നത്. മനുഷ്യന്റെ എല്ലാ വിധത്തിലുമുള്ള മാഹാത്മ്യവും തൗഹീദിനെ ആശ്രയിച്ചാണിരിക്കുന്നത്.

ഒരു ചെറിയ സംഗതിയെ പറ്റി

ത്തന്നെ നമുക്ക് ചിന്തിക്കാം. ഇസ്റാഫിനെ(അനാവശ്യചെലവ്) തടഞ്ഞു മുസ്‌ലിമീങ്ങളുടെ ധനസംബന്ധമായ നിലയെ നന്നാക്കുക എന്നുള്ളത് സംഘത്തിന്റെ ഒരു പ്രധാന ചുമതലയാണെന്ന് ആരും സമ്മതിക്കുന്നതാണ്. ഈ കൃത്യത്തെ നിർവഹിക്കുവാൻ ഒരുങ്ങുന്നവർക്ക് മതത്തിന്റെ പേരും പറഞ്ഞു നടത്തി വരുന്നതും അനേകം ഉറുപ്പിക അനാവശ്യമായി ചെലവിടുന്നതുമായ കൊടികുത്ത്, ചന്ദനക്കുടം മുതലായ ബിദ്അത്തുകളെ തടയാതെ നിവൃത്തിയില്ല. ഈ വിഷയത്തിൽ ഇപ്പോൾ ഞങ്ങൾ അധികം പറയുന്നില്ല. ഇത്തവണത്തെ പ്രമേയങ്ങളിൽ അമലിയ്യായിട്ടുള്ളത് (പ്രവർത്തിക്കേണ്ടത്) രണ്ടാണ്. അവയിൽ ഒന്ന് ആലുവാ കോളേജിന്റെ കാര്യംതന്നെ. അതിനെപറ്റി പലപ്പോഴും ഞങ്ങൾ പറഞ്ഞിട്ടുണ്ട്. മറ്റൊന്ന് സംഘത്തിൽനിന്ന് ശമ്പളം കൊടുത്ത് ഒരു പ്രതിനിധിയെ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും അയക്കുകയാണ്. ഈ ഒരു പ്രവൃത്തിയാണ് സംഘത്തിന്റെ റൂഹ്(ആത്മാവ്) എന്ന് പറയുന്നതിൽ ഞങ്ങൾ അശേഷം മടിക്കുന്നില്ല. സംഘത്തിൽനിന്നും നിശ്ചയിച്ചയക്കുന്ന പ്രതിനിധിക്കുവേണ്ട എല്ലാ സഹായസഹകരണങ്ങളും കേരള മുസ്‌ലിമീങ്ങൾ ചെയ്തുകൊടുക്കുമെന്ന് വിശ്വസിക്കുന്നു.

ഇനി പ്രതിനിധിയെ അയച്ചാലും ഇല്ലെങ്കിലും ഓരോ ദേശത്തിലുമുള്ള മുസ്‌ലിമീങ്ങൾ ഐക്യസംഘത്തിൽ അംഗങ്ങളായി ചേരുകയും അവിടങ്ങളിലെല്ലാം സബ്കമ്മറ്റികൾ സ്ഥാപിക്കുകയും ചെയ്യണമെന്ന് എല്ലാ മുസ്‌ലിം സഹോദരന്മാരോടും ഞങ്ങൾ അപേക്ഷിച്ച് കൊള്ളുന്നു. ഏതൊരു പ്രസ്ഥാനത്തിന്നും ശത്രുക്കൾ ഉണ്ടായിരിക്കുക എന്നത് ഒരു പ്രകൃതിനിയമമാണ്. അതുകൊണ്ട് ഐക്യസംഘത്തിന്റെ ശത്രുക്കൾ



വീശുന്ന വലയിൽ കെണിഞ്ഞുപോകാതെ നിങ്ങൾക്ക് അല്ലാഹുതആലാ തന്നിട്ടുള്ള ബുദ്ധികൊണ്ട് അന്വേഷിച്ചും ആലോചിച്ചും സത്യത്തെ പിന്തുടരണമെന്ന് എല്ലാ സഹോദരന്മാരെയും ഉണർത്തിച്ച്കൊള്ളുന്നു. അല്ലാഹുമ്മ അരിനൽ ഹഖ്ഖ ഹഖ്ഖൻ വർസുഖ്ന ഇത്തിബാഅഉ വ അരിനൽ ബാത്വില ബാത്വിലൻ വർസുഖ്ന ഇജ്തിനാബഹു തവഫ്ഫനാ മുസ്‌ലിമീന വ അൽഹിഖ്നാ ബിസ്സ്വാലിഹീൻ.” [39]

മുസ്‌ലിം ഐക്യസംഘം മതസംബന്ധമായ വിഷയങ്ങളിൽ കൂടുതൽ ഇടപെടേണ്ടതില്ലെന്നും ഭൗതികമായ വിഷയങ്ങളിൽ മാത്രം ശ്രദ്ധപതിപ്പിച്ചാൽ മതിയെന്നുമുള്ള നിലപാട് ഇ.കെ.മൗലവിയെപ്പോലുള്ള ഐക്യസംഘത്തിന്റെ സ്ഥാപക നേതാക്കാൾക്ക് ഊഹിക്കാൻ കഴിയുന്നതായിരുന്നില്ല. അൽഇർശാദ് മാസികയിലെ അവലോകനത്തിൽനിന്നും അക്കാര്യം മനസ്സിലാക്കാവുന്നതാണ്. സുന്നത്തും തൗഹീദും മാറ്റിനിർത്തുന്നത് പാരത്രികലോകത്ത് നഷ്ടമുണ്ടാക്കുന്നതുപോലെ ഭൗതികലോകത്തും അത് പരാജയങ്ങളുണ്ടാക്കും എന്നതായിരുന്നു അവരുടെ കാഴ്ചപ്പാട്. അതുകൊണ്ടുതന്നെ മതവിഷയങ്ങൾക്കു പ്രാമുഖ്യം നൽകുകയും അതോടൊപ്പം മുസ്‌ലിം സമൂഹത്തിന്റെ സാമൂഹികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ ഉന്നതിക്കുവേണ്ടി യത്നിക്കുകയും ചെയ്യുക എന്നതായിരുന്നു

ഐക്യസംഘത്തിന്റെ എക്കാലത്തെയും നയം.

എന്നാൽ മുസ്‌ലിം സമുദായത്തെ മൊത്തത്തിൽ ഉൾക്കൊണ്ടുകൊണ്ട് അവരുടെ ഭൗതികവും സാമൂഹികവും രാഷ്ട്രീയവുമായ അഭിവൃദ്ധിക്കുവേണ്ടി പ്രത്യേകം ഒരു സംഘടന അനിവാര്യമാണെന്ന ചിന്തയും ഐക്യസംഘത്തിൽ ചിലരിലുണ്ടായി. ഈ രണ്ടു ചിന്താധാരകളെയും ഒരുമിച്ചു കൊണ്ടുപോകാൻ ഐക്യസംഘം നേതാക്കൾക്കു കഴിഞ്ഞു. സമുദായത്തിന്റെ ഭൗതിക പുരോഗതിക്കായി പ്രവർത്തിക്കാൻ താല്പര്യമുള്ളവർ ആ രൂപത്തിൽ പ്രവർത്തിക്കട്ടെ എന്നും അല്ലാത്തവർ സംഘത്തോടൊപ്പം പ്രവർത്തിക്കട്ടെ എന്നും രണ്ടു നിലയ്ക്കും പ്രവർത്തിക്കാൻ സജ്ജരായവർ രണ്ടിലും പ്രവർത്തിക്കട്ടെ എന്നുമുള്ള നിലപാടുമായി ഐക്യസംഘം മുന്നോട്ടു ഗമിച്ചു. ഈ ഘട്ടത്തിലാണ് സമൂഹത്തിന്റെ ഭൗതികപുരോഗതി ലക്ഷ്യംവെച്ചു പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള പൊതുവേദിയായി 'മുസ്‌ലിം ക്ലബ്ബ്' എന്ന പേരിൽ ഒരു കൂട്ടായ്മ തലശ്ശേരിയിൽ രൂപീകരിക്കപ്പെടുന്നത്.

ഐക്യസംഘവുമായി സഹകരിച്ചുകൊണ്ടും എന്നാൽ സാമൂഹിക സാംസ്കാരിക രംഗത്തെ മുന്നേറ്റത്തിനായുള്ള പ്രവർത്തനലക്ഷ്യങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുമാണ് 'മുസ്‌ലിം ക്ലബ്ബ്' അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയത്. ഐക്യസംഘം അതിന്റെ പ്രവർത്തനങ്ങളുമായി മുന്നേറിയപ്പോൾ തന്നെ മുസ്‌ലിം ക്ലബ്ബിന്റെ പ്രവർത്തനങ്ങളെ അനുഭാവപൂർവം കാണാനുംസംഘംനേതാക്കൾക്കു കഴിഞ്ഞു. ഐക്യസംഘത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നവർ തന്നെയാണ് മുസ്‌ലിം ക്ലബ്ബിനും നേതൃത്വം നൽകിയത് എന്നതായിരുന്നു ഇതിനു കാരണം.

ഐക്യസംഘത്തിന്റെ പ്രസിഡന്റും അറിയപ്പെടുന്ന അഭിഭാഷകനുമായിരുന്ന കെ.എം സീതി സാഹിബ് കൊടുങ്ങല്ലൂരിൽനിന്ന് തലശ്ശേരിയിലേക്ക് വരികയും 'മുസ്‌ലിം ക്ലബ്ബി'ന് നേതൃത്വം നൽകുകയും ചെയ്തതോടെ അതിന്റെ പ്രവർത്തനങ്ങൾ വിപുലമായ തലത്തിലേക്കുയർന്നു. അങ്ങനെ ഐക്യസംഘം നേതാക്കളും ആ സംഘത്തോട് സഹകരിച്ചിരുന്നവരുമായ നേതാക്കളുടെ ഒരു നിരതന്നെ മുസ്‌ലിം ക്ലബ്ബിനെ നയിച്ചു. ഹാജി അബ്ദുസ്സത്താർ ഇസ്ഹാഖ് സേട്ടുസാഹിബ്, കെ.എം സീതി സാഹിബ്, കെ. ഉപ്പി സാഹിബ്, അറബി ശംനാട്, മുഹമ്മദ് ശെറൂൾ, ബി. പോക്കർ സാഹിബ്, ടി.എം മൊയ്തു സാഹിബ്, സി.പി മമ്മുക്കേയി, എ.കെ കുഞ്ഞിമാഹിൻ ഹാജി, തലശ്ശേരി ജില്ലാ ജഡ്ജി മീർ സൈനുദ്ദീൻ സാഹിബ്, പിൽക്കാലത്ത് മദ്രാസ് ഹൈക്കോടതി ജഡ്ജിയായ അഡ്വ. പി. കുഞ്ഞമ്മദ്കുട്ടി തുടങ്ങിയ, ഐക്യസംഘത്തെ നയിക്കുകയോ ഐക്യസംഘത്തോട് സഹകരിക്കുകയോ ചെയ്തവരെല്ലാം മുസ്‌ലിം ക്ലബ്ബിനും ആശയാടിത്തറ നൽകുന്നതിൽ മുഖ്യ പങ്കുവഹിച്ചു. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലെല്ലാം ഇടപെട്ടിരുന്ന ഐക്യസംഘത്തിന് മുസ്‌ലിം ക്ലബ്ബിന്റെ ഉദയത്തോടു കൂടി മതനവീകരണപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ കഴിഞ്ഞു. മുസ്‌ലിം ക്ലബ്ബാകട്ടെ, മലബാറിനെ രാഷ്ട്രീയ പ്രബുദ്ധമാക്കുക എന്ന ദൗത്യവുമായും മുന്നോട്ടുപോയി. ഇതിന്റെ ഭാഗമായാണ് ഒരു മലയാള ദിനപത്രം ആരംഭിക്കണമെന്ന ചിന്ത മുസ്‌ലിം ക്ലബ്ബിന്റെ യോഗങ്ങളിൽ ഉയർന്നുവന്നത്. ഈ ചിന്തയാണ് ആദ്യത്തിൽ വാരികയായും പിന്നീട് ദിനപത്രമായും മാറിയ 'ചന്ദ്രിക' ഒരു സ്വതന്ത്ര വാരികയായി 1932ൽ തലശ്ശേരിയിൽനിന്ന് പ്രസിദ്ധീകരണമാരംഭിക്കാൻ കാരണമായത്. ആരംഭകാലം മുതൽക്കു തന്നെ ചന്ദ്രികക്കു വേണ്ടി തൂലിക ചലിപ്പിക്കാൻ ഇ.കെ. മൗലവി സാഹിബിനു കഴിഞ്ഞിരുന്നു.

സത്താർ സേട്ടിന്റെ നേതൃത്വത്തിൽ മുസ്‌ലിം ക്ലബ്ബ് സംഘടിപ്പിച്ച മുസ്‌ലിം ബഹുജന സമ്മേളനം വിപുലമായ പ്രവർത്തനങ്ങൾക്കായി 1931ൽ കേരള മുസ്‌ലിം മജ്‌ലിസ് എന്ന സംഘടന രൂപീകരിച്ചു. സമുദായത്തിന്റെ വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹിക പുരോഗതിയായിരുന്നു മുസ്‌ലിം മജ്‌ലിസ് മുഖ്യ ലക്ഷ്യമായി കണ്ടത്. ഈ മുന്നേറ്റത്തിനെല്ലാം കാരണമായത് തലശ്ശേരിയിൽ നടന്ന ഐക്യസംഘത്തിന്റെ നാലാം വാർഷിക സമ്മേളനത്തിൽ നടന്ന ചർച്ചകളും അതിനുശേഷം സമുദായത്തിലുണ്ടായിത്തീർന്ന മാറ്റങ്ങളുമായിരുന്നു എന്ന് കാണാവുന്നതാണ്.

---

*അവലംബം:*

*39. അൽ ഇർശാദ് വാരിക 26.06.1926*

*(തുടരും)*

# സൂറ: യാസീൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം 36

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

1. യാസീൻ.
2. തത്ത്വസമ്പൂർണമായ ക്വുർആൻ തന്നെയാണ സത്യം;
3. നീ ദൈവദൂതൻമാരിൽ പെട്ടവൻ തന്നെയാകുന്നു.
4. നേരായ പാതയിലാകുന്നു (നീ).
5. പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവൻ അവതരിപ്പിച്ചതത്രെ ഇത് (ക്വുർആൻ).
6. ഒരു ജനതയ്ക്ക് നീ താക്കീത് നൽകുവാൻ വേണ്ടി. അവരുടെ പിതാക്കൻമാർക്ക് താക്കീത് നൽകപ്പെട്ടിട്ടില്ല. അതിനാൽ അവർ അശ്രദ്ധയിൽ കഴിയുന്നവരാകുന്നു.
7. അവരിൽ മിക്കവരുടെ കാര്യത്തിലും (ശിക്ഷയെ സംബന്ധിച്ച) വചനം സത്യമായി പുലർന്നിരിക്കുന്നു. അതിനാൽ അവർ വിശ്വസിക്കുകയില്ല.
8. അവരുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വെച്ചിരിക്കുന്നു. അത് (അവരുടെ) താടിയെല്ലുകൾവരെ എത്തുന്നു. തൻമൂലം അവർ തല കുത്തനെ പിടിച്ചവരായിരിക്കും.
9. അവരുടെ മുമ്പിൽ ഒരു തടസ്സവും അവരുടെ പിന്നിൽ ഒരു തടസ്സവും നാം വെച്ചിരിക്കുന്നു. അങ്ങനെ നാം അവരെ മൂടിക്കളഞ്ഞു; അതിനാൽ അവർക്ക് കാണാൻ കഴിയില്ല.
10. നീ അവർക്ക് താക്കീത് നൽകിയോ അതല്ല താക്കീത് നൽകിയില്ലേ എന്നത് അവരെ സംബന്ധിച്ചിടത്തോളം സമമാകുന്നു; അവർ വിശ്വസിക്കുകയില്ല.
11. ബോധനം പിൻപറ്റുകയും അദൃശ്യാവസ്ഥയിൽ പരമകാരുണികനെ ഭയപ്പെടുകയും ചെയ്തവനു മാത്രമെ നിന്റെ താക്കീത് ഫലപ്പെടുകയുള്ളൂ. ആകയാൽ പാപമോചനത്തെയും ഉദാരമായ പ്രതിഫലത്തെയും പറ്റി അവന്ന് സന്തോഷവാർത്ത അറിയിക്കുക.
12. തീർച്ചയായും നാം തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവർ ചെയ്തുവെച്ചതും അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തരഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യുന്നു. എല്ലാകാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വെച്ചിരിക്കുന്നു.

يس ١
وَالْقُرْآنِ الْحَكِيمِ ٢
إِنَّكَ لَمِنَ الْمُرْسَلِينَ ٣
عَلَىٰ صِرَاطٍ مُّسْتَقِيمٍ ٤
تَنزِيلَ الْعَزِيزِ الرَّحِيمِ ٥ لِتُنذِرَ قَوْمًا مَّا أُنذِرَ
آبَاؤُهُمْ فَهُمْ غَافِلُونَ ٦
لَقَدْ حَقَّ الْقَوْلُ عَلَىٰ أَكْثَرِهِمْ فَهُمْ لَا يُؤْمِنُونَ ٧
إِنَّا جَعَلْنَا فِي أَعْنَاقِهِمْ أَغْلَالًا فَهِيَ إِلَى الْأَذْقَانِ
فَهُم مُّقْمَحُونَ ٨
وَجَعَلْنَا مِن بَيْنِ أَيْدِيهِمْ سَدًّا وَمِنْ خَلْفِهِمْ سَدًّا
فَأَغْشَيْنَاهُمْ فَهُمْ لَا يُبْصِرُونَ ٩
وَسَوَاءٌ عَلَيْهِمْ أَأَنذَرْتَهُمْ أَمْ لَمْ تُنذِرْهُمْ لَا يُؤْمِنُونَ
١٠
إِنَّمَا تُنذِرُ مَنِ اتَّبَعَ الذِّكْرَ وَخَشِيَ الرَّحْمَٰنَ
بِالْغَيْبِ ۖ فَبَشِّرْهُ بِمَغْفِرَةٍ وَأَجْرٍ كَرِيمٍ ١١
إِنَّا نَحْنُ نُحْيِي الْمَوْتَىٰ وَنَكْتُبُ مَا قَدَّمُوا وَآثَارَهُمْ ۚ
وَكُلَّ شَيْءٍ أَحْصَيْنَاهُ فِي إِمَامٍ مُّبِينٍ ١٢

(2). വിജ്ഞാനത്താൽ നിറഞ്ഞ ക്വുർആൻകൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു. അതെല്ലാം അതിന്റെ ശരിയായ സ്ഥലത്ത് സ്ഥാപിക്കുകയും ഉചിതമായ സന്ദർഭത്തിൽ യുക്തിപരമായി കൽപനകളും വിലക്കുകയും നൽകുകയും ശരിയായ സന്ദർഭത്തിൽ ഉചിതമായ രീതിയിൽ നന്മക്കോ തിന്മക്കോ ഉള്ള പ്രതിഫലം വിവരിക്കുകയും ചെയ്യുന്നു എന്നാണ് ഇത് അർഥമാക്കുന്നത്.

മതപരവും പ്രതിഫല സംബന്ധവുമായ എല്ലാ നിർദേശങ്ങളും അങ്ങേയറ്റം യുക്തി നിറഞ്ഞതാ

ണ്. ക്വുർആനിലെ വിജ്ഞാനത്തിന്റെ ഒരു സവിശേഷത അത് ഒരു വിധിപറയുമ്പോൾ അതിന്റെ യുക്തി കൂടി ഒരുമിച്ച് പരാമർശിക്കുന്നു എന്നതാണ്. അപ്പോൾ ആ വിധിക്ക് കാരണമായ സന്ദർഭവും സാഹചര്യങ്ങളും ബുദ്ധിയുള്ളവർക്ക് ഗ്രഹിക്കാനാകുന്നു.

(3). (നീ ദൈവദൂതന്മാരിൽ പെട്ടവൻ തന്നെയാകുന്നു) മുഹമ്മദ് നബി(സ്വ)യുടെ സന്ദേശത്തെയാണ് ഇവിടെ സത്യം ചെയ്തു പറഞ്ഞത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 'മുഹമ്മദേ, താങ്കൾ ദൂതന്മാരിൽ പെട്ടവൻതന്നെയാണ്. താങ്കളുടെ നിയോഗം ഒരു പുതുമയുള്ള കാര്യമല്ല. മാത്രമല്ല, അടിസ്ഥാനപരമായ മതതത്ത്വങ്ങളിൽ താങ്കൾ കൊണ്ടുവന്നതും മറ്റു പ്രവാചകന്മാർ കൊണ്ടുവന്നതും ഒരേ സന്ദേശങ്ങളാണ്. കൂടാതെ, പൂർവിക പ്രവാചകന്മാരുടെ സവിശേഷതകളും അവർ തമ്മിലുള്ള വ്യത്യാസങ്ങളും അറിയുന്നവർക്ക് താങ്കൾ ഉത്തമസ്വഭാവവും തികഞ്ഞ സദ്ഗുണങ്ങളുംകൊണ്ട് ദൂതന്മാരിൽ അത്യുത്തമനാണെന്ന് മനസ്സിലാകും.' സത്യം ചെയ്യുന്ന കാര്യം; ജ്ഞാനം നിറഞ്ഞ ക്വുർആനും സത്യത്തിലൂടെ സ്ഥിരീകരിക്കുന്ന കാര്യമായ മുഹമ്മദ് നബി(സ്വ)യുടെ സന്ദേശവും തമ്മിലുള്ള ബന്ധം ഇവിടെ വ്യക്തമാണ്. ഈ ക്വുർആനല്ലാതെ അദ്ദേഹത്തിന്റെ സന്ദേശത്തെ സ്ഥിരീകരിക്കാനും സാക്ഷ്യപ്പെടുത്താനും മറ്റൊരു സാക്ഷിയും ഇല്ലെങ്കിലും ഇതുതന്നെ മതിയായ തെളിവാണ്. വിശുദ്ധ ക്വുർആൻ കാലങ്ങളായി നിലനിൽക്കുന്ന ശക്തമായ തെളിവാണ്. ക്വുർആനിനെ സ്ഥാപിക്കുന്ന എല്ലാ തെളിവുകളും മുഹമ്മദ് നബി(സ്വ)യുടെ പ്രവാചകത്വത്തെയും സ്ഥാപിക്കുന്നു.

(4). തുടർന്ന് ആ പ്രവാചകന്റെ സന്ദേശത്തെ സ്ഥാപിക്കുന്ന ഏറ്റവും വലിയ സവിശേഷതയെ കുറിച്ചാണ് അല്ലാഹു പറയുന്നത്. അതായത്, അദ്ദേഹം നേരായ പാതയിലാണ്; അല്ലാഹുവിലേക്കും അവന്റെ സ്വർഗത്തിലേക്കും എത്തിക്കുന്ന ശരിയായ പാതയിൽ. ആത്മീയമായും ശാരീരികമായും ഒരാളുടെ അവസ്ഥയെ നന്നാക്കുന്നതും ഇഹത്തിലും പരത്തിലും നന്മ നേടാവുന്ന സൽകർമങ്ങൾ ഉൾക്കൊള്ളുന്നതുമാണ് ആ സൽവഴി. ഒരാളുടെ ആത്മാവിനെ ശുദ്ധീകരിക്കുന്ന പ്രതിഫലം പ്രതീക്ഷിക്കുന്ന സ്വഭാവങ്ങളും ആ നേർവഴിയിലുണ്ട്.

ഈ നേരായ പാതയെന്നത് ആ പ്രവാചന്റെയും അദ്ദേഹം കൊണ്ടുവന്ന മതത്തിന്റെയും സവിശേഷതകൂടിയാണ്. അതിനാൽ ഈ ക്വുർആനിന്റെ മഹത്ത്വത്തെ കുറിച്ച് ചിന്തിക്കുക. സത്യം ചെയ്യുന്ന കാര്യവും സത്യപ്പെടുത്തുന്ന കാര്യവും എത്രമാത്രം ഉൽകൃഷ്ടമായിട്ടാണ് ഇവിടെ സംയോജിപ്പിച്ചിരിക്കുന്നത്! ഇത് സ്ഥാപിക്കാൻ അല്ലാഹുവിന്റെ വാക്കുമാത്രം മതി. എന്നിരുന്നാലും തന്റെ ദൂതന്റെ സത്യത സ്ഥാപിക്കാൻ വ്യക്തമായ തെളിവുകൾ ഇവിടെ കൊണ്ടുവരുന്നു.

(5). ഈ നേരായ പാതയാകട്ടെ (പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവൻ അവതരിപ്പിച്ചതത്രെ) ജനങ്ങളെ നേരായ പാതയിലേക്ക് നയിക്കാനും അല്ലാഹുവിന്റെ ദാസന്മാരെ അവനിലേക്ക് മാർഗം കാണിക്കുന്നതിനും വേണ്ടിയാണ് ഈ ഗ്രന്ഥം ഇറക്കപ്പെട്ടത്.

അതിൽ വരുന്ന മാറ്റത്തിൽ നിന്നും അവന്റെ പ്രതാപത്താൽ അവൻ സംരക്ഷിച്ചു. അതുവഴി തന്റെ ദാസന്മാരോട് കരുണ കാണിക്കുകയും തന്റെ കാരുണ്യത്തിന്റെ ഭവനത്തിലേക്ക് അവരെ എത്തിക്കുന്നതുവരെ അവരോടൊപ്പം തുടരുകയും ചെയ്തു. അതിനാൽ ഈ വാക്യം 'പ്രതാപശാലി,' 'കരുണാനിധി' എന്നീ രണ്ട് ദിവ്യനാമങ്ങളെകൊണ്ട് അവസാനിപ്പിച്ചു.

(6). തന്റെ സന്ദേശത്തെ സത്യം ചെയ്ത് സ്ഥാപിക്കുകയും അതിനു തെളിവ് നൽകുകയും ചെയ്തശേഷം അതിന്റെ ആവശ്യകതയും അനിവാര്യതയുമാണ് തുടർന്ന് പറയുന്നത്: (ഒരു ജനതക്ക് നീ താക്കീത് നൽകാൻ വേണ്ടി, അവരുടെ പിതാക്കന്മാർക്ക് താക്കീത് നൽകപ്പെട്ടിട്ടില്ല) അവരാണ് നിരക്ഷരരായ അറബികൾ. വേദഗ്രന്ഥങ്ങളോ പ്രവാചകസന്ദേശങ്ങളോ ഇല്ലാതെ ജീവിച്ചവർ, അജ്ഞതയിൽ മുഴുകി വഴികേടിൽ അലഞ്ഞവരും. അപ്പോൾ അല്ലാഹു അവർക്ക് ഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കാൻ അവരിൽനിന്നു തന്നെ ഒരു ദൂതനെ നിയോഗിച്ചു. അതിനു മുമ്പ് അവർ വ്യക്തമായ വഴികേടിലായിരുന്നു. അക്ഷരജ്ഞാനമില്ലാത്ത അറബികൾക്കും മറ്റു രാജ്യക്കാർക്കാർക്കും താക്കീത് നൽകാൻ വേണ്ടിയാണ് അദ്ദേഹം നിയോഗിതനായത്. വേദഗ്രന്ഥങ്ങളിൽ ഉള്ളത് എന്താണെന്ന് വേദക്കാരെ ഉൽബോധിപ്പിക്കാനും അദ്ദേഹം വന്നു. അറബികൾക്ക് പ്രത്യേകമായും മറ്റുള്ളവർക്ക് പൊതുവായും അല്ലാഹു നൽകിയ അനുഗ്രഹമാണിത്.

(7). എന്നാൽ ഇവർ മുന്നറിയിപ്പ് ലഭിച്ചതിനുശേഷം രണ്ടു വിഭാഗമായി. അതിൽ ഒരുവിഭാഗം താങ്കൾ കൊണ്ടുവന്നത് നിരസിക്കുകയും മുന്നറിയിപ്പ് സ്വീകരിക്കാതിരിക്കുകയും ചെയ്തു. അവരെക്കുറിച്ചാണ് അല്ലാഹു പറഞ്ഞത്: (അവരിൽ മിക്കവരുടെ കാര്യത്തിലും-ശിക്ഷയെ സംബന്ധിച്ച-വചനം സത്യമായി പുലർന്നിരിക്കുന്നു. അതിനാൽ അവർ വിശ്വസിക്കുകയില്ല) അവർ ശിർക്കിലും നിഷേധത്തിലും തുടർന്നുകൊണ്ടിരിക്കുമെന്ന അല്ലാഹുവിന്റെ തീരുമാനം അവരിൽ നടപ്പിലാക്കപ്പെട്ടു. സത്യം അവരു

ടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടതിനുശേഷം അവർ അത് നിരസിച്ചു. അപ്പോൾ അവരുടെ ഹൃദയത്തിൽ ശിക്ഷയായി മുദ്രയടിക്കപ്പെട്ടു.

(8). അവരുടെ ഹൃദയങ്ങളിൽ വിശ്വാസം വരുന്നതിനുള്ള തടസ്സങ്ങൾ അല്ലാഹു പറയുന്നു: (അവരുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വെച്ചിരിക്കുന്നു) غل (ഗില്ല്)എന്നതിന്റെ ബഹുവചനമാണ് أغلال. കഴുത്തിൽ ബന്ധിക്കുന്ന ഇരുമ്പുകോളറുകളാണിത്; കാലിന് ചങ്ങലയിടുന്നപോലെ. കഴുത്തിലുള്ള ഈ ചങ്ങലകൾ ഭീകരമാണ്. (അത് എത്തിയിട്ടുണ്ട്; താടിയെല്ലുകൾവരെ) തല മുകളിലേക്ക് തള്ളുകയും ചെയ്യുന്നു. (തന്മൂലം അവർ തല കുത്തനെ പിടിച്ചവരായിരിക്കും) കഴുത്തിലൂടെ ചങ്ങലയുടെ പ്രയാസത്താൽ അവർ തല ഉയർത്തിയവരായിരിക്കും. താഴ്ത്താൻ അവർക്ക് കഴിയില്ല.

(9). (അവരുടെ മുമ്പിൽ ഒരു തടസ്സവും അവരുടെ പിന്നിൽ ഒരു തടസ്സവും നാം വെച്ചിരിക്കുന്നു) വിശ്വസിക്കുന്നതിൽനിന്ന് അവരെ തടയുന്ന ഒരു തടസ്സമാണത്. (അങ്ങനെ നാം അവരെ മൂടിക്കളഞ്ഞു. അതിനാൽ അവർക്ക് കാണാൻ കഴിയില്ല) കാരണം, എല്ലാ വശങ്ങളിലൂടെയും അജ്ഞതയും കഷ്ടതയും അവരെ മൂടി. അതിനാൽ മുന്നറിയിപ്പ് അവർക്ക് പ്രയോജനം ചെയ്യില്ല.

(10). (നീ അവർക്ക് താക്കീത് നൽകിയോ, അതല്ല താക്കീത് നൽകിയില്ലേ എന്നത് അവരെ സംബന്ധിച്ചിടത്തോളം സമമാകുന്നു. അവർ വിശ്വസിക്കുകയില്ല) ഒരു വ്യക്തി; തന്റെ ഹൃദയം മുദ്രവെക്കപ്പെട്ടാൽ, സത്യത്തെ അസത്യമായും അസത്യത്തെ സത്യമായും കണ്ടാൽ എങ്ങനെ അവൻ വിശ്വാസിയാകും?).

(11). രണ്ടാമത്തെ വിഭാഗം മുന്നറിയിപ്പ് സ്വീകരിക്കുന്നവരാണ്. അവരെക്കുറിച്ച് അല്ലാഹു പറയുന്നു: (നീ താക്കീത് ചെയ്യുന്നത്) താങ്കളുടെ മുന്നറിയിപ്പ് പ്രയോജനപ്പെടുകയും താങ്കളുടെ ഉപദേശം സ്വീകരിക്കുകയും ചെയ്യുന്നത്. (ബോധനം പിൻപറ്റുന്നവനാണ്) ആരുടെ ഉദ്ദേശ്യം സത്യവും ഉൽബോധനവും പിന്തുടരുക എന്നതാകുന്നുവോ അവൻ. (അദൃശ്യാവസ്ഥയിൽ പരമകാരുണികനെ ഭയപ്പെടുകയും ചെയ്യുന്നവൻ) അതായത് ഈ രണ്ട് സ്വഭാവസവിശേഷതകൾ ഉള്ളവർ-സത്യം അന്വേഷിക്കുന്നതിലുള്ള സദുദ്ദേശ്യവും അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും-താങ്കളുടെ സന്ദേശങ്ങളെ പ്രയോജനപ്പെടുത്തുകയും അധ്യാപനങ്ങളിൽ സംസ്കൃതരാവുകയും ചെയ്യും. ഈ രണ്ടു കാര്യങ്ങൾ ആർക്കെങ്കിലും ലഭിച്ചാൽ തന്റെ പാപങ്ങളിൽനിന്ന് (പാപമോചനവും) തന്നു. സൽപ്രവർത്തനങ്ങൾ ക്കും സദുദ്ദേശ്യങ്ങൾക്കും (ഉദാരമായ പ്രതിഫലത്തെയും) കുറിച്ചുള്ള സന്തോഷവാർത്ത അറിയിക്കുക.

(12). (തീർച്ചയായും നാംതന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്) അവരുടെ കർമങ്ങൾക്ക് പ്രതിഫലം നൽകുന്നതിനായി അവരുടെ മരണശേഷം അവരെ നാം ഉയിർത്തെഴുന്നേൽപിക്കും. (അവർ ചെയ്തുവെച്ചത് നാം എഴുതിവെക്കുകയും ചെയ്യുന്നു) നന്മയും തിന്മയുമായി അവരുടെ ജീവിതകാലത്ത് അവർ ചെയ്യുന്ന പ്രവർത്തനങ്ങൾ. (അവരുടെ അനന്തരഫലങ്ങളും) ജീവിതകാലത്തും മരണശേഷവും അവർ കാരണം ഉണ്ടായ നന്മയുടെയും തിന്മയുടെയും അനന്തരഫലങ്ങളാണത്. അതെല്ലാം ഉണ്ടായത് അവരുടെ വാക്കുകളിൽനിന്നോ പ്രവൃത്തികളിൽ നിന്നോ സാഹചര്യങ്ങളിൽ നിന്നോ ആണ്.

ഒരാളുടെ അറിവുമൂലമോ അധ്യാപനമോ ഉപദേശമോ കൊണ്ടോ, അതല്ലെങ്കിൽ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തതുകൊണ്ടോ, അതുമല്ലെങ്കിൽ അയാൾ തന്റെ വിദ്യാർഥിക്ക് പകർന്നുനൽകിയതോ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തിയതോ ആയ കാര്യങ്ങൾ; നമസ്കാരം, സകാത്ത്, ദാനം, മറ്റു നന്മകൾ എന്നിവ മറ്റുള്ളവർ പിൻപറ്റുമ്പോൾ, ജനങ്ങൾക്ക് ഉപകാരപ്പെടുന്ന സൗകര്യങ്ങളോ പള്ളികളോ നിർമിച്ചത്... ഇതെല്ലാമാണ് രേഖപ്പെടുത്തപ്പെടുന്ന അനന്തരഫലങ്ങൾ. തിന്മകളും അങ്ങനെ തന്നെ.

من سن في الإسلام سنة حسنة فله أجرها وأجر من عمل بها الى يوم القيامة و من سنّ سنّة سيئة فعليه وزرها ووزر من عمل بها الى يوم القيامة

“ആരെങ്കിലും ഇസ്‌ലാമിൽ നല്ലൊരു മാതൃക കാണിച്ചാൽ അവന് അതിന്റെ പ്രതിഫലവും അന്ത്യനാൾവരെ അത് പ്രവർത്തിച്ചവന്റെ പ്രതിഫലം ലഭിക്കും. ആരെങ്കിലും ചീത്ത മാതൃകയാണ് കാണിക്കുന്നതെങ്കിലും അതിന്റെ പാപവും അത് അന്ത്യനാൾവരെ പ്രവർത്തിക്കുന്നവന്റെ പാപവും ലഭിക്കും” (മുസ്‌ലിം 1017)

ആളുകളെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സാധ്യമാകുന്ന സർവമാർഗങ്ങളിലൂടെയും അവരെ അവന്റെ പാതയിലേക്ക് നയിക്കുകയും ചെയ്യുന്ന ഒരാളുടെ ഉന്നതസ്ഥാനവും ആളുകളെ തിന്മയിലേക്ക് ക്ഷണിച്ച് അതിലൂടെ നയിക്കുന്നവന്റെ താഴ്ന്നനിലയും ഇവിടെ എടുത്തു പറയുന്നു. രണ്ടാമത് പറഞ്ഞവൻ ആളുകളിൽ ഏറ്റവും മോശമായ വ്യക്തിയാണ്. വലിയ കുറ്റകൃത്യത്തിനു ഗുരുതരമായ പാപത്തിനും അവനർഹനാണ്. (എല്ലാ കാര്യങ്ങളും) പ്രവർത്തനങ്ങളും ഉദ്ദേശ്യങ്ങളുമെല്ലാം. (വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തിവെച്ചിരിക്കുന്നു) എല്ലാ രേഖകളുടെയും ഒരു മൂലരേഖ; മലക്കുകളുടെ കൈകളിലുള്ള എല്ലാ രേഖകളും അതിലേക്ക് മടങ്ങും. അതാണ് (ലൗഹുൽ മഹ്ഫൂദ്).



ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ പ്രധാനപ്പെട്ടതും അതിമഹത്തായതുമായ ആരാധനയാണല്ലോ ഹജ്ജ് കർമം. ആരോഗ്യപരമായും സാമ്പത്തികമായും ശേഷിയുള്ളവർ ഇതിന്റെ നിർവഹണത്തിന് സന്നദ്ധരാകണം. ഇബ്‌റാഹീം നബി(അ)യുടെ ത്യാഗനിർഭരമായ ജീവിതത്തെ അനുസ്മരിക്കുന്ന ദുൽഹിജ്ജ മാസത്തിലാണ് നാം ഇതിന് സാക്ഷികളാകുന്നത്. ഹജ്ജിനുള്ള ആഹ്വാനം അദ്ദേഹത്തിലൂടെ നടത്തപ്പെട്ടത് കാണുക; അല്ലാഹു പറയുന്നു: "(നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ ഹജ്ജിനെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും, വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും" (22:27).

ഏതാനും ദിവസങ്ങൾ പവിത്രമാക്കപ്പെട്ട മക്കയിൽ താമസിച്ച്, കഅ്ബയും കണ്ട്, അതിന്റെ പരിസരങ്ങളിൽ ചുറ്റിത്തിരിഞ്ഞ് എന്തെങ്കിലും കാട്ടിക്കൂട്ടുക എന്നതല്ല ഹജ്ജ്. നബി(സ്വ) ഏത് രൂപത്തിലാണോ ഹജ്ജ് പഠിപ്പിച്ചത് അതുപോലെ ചെയ്ത് പൂർത്തിയാക്കുമ്പോഴാണ് അത് പുണ്യകർമമായി മാറുക.

തക്‌വ അഥവാ സൂക്ഷ്മതയാണ് ഹജ്ജിന്റെ പ്രധാന പാഥേയം. അല്ലാഹു പറയുന്നു: "...(ഹജ്ജിനു പോകുമ്പോൾ) നിങ്ങൾ യാത്രയ്ക്കു



മൂസ സ്വലാഹി കാര
: 97473 45768

# ഹജ്ജും മുസ്‌ലിയാക്കന്മാരുടെ ദുർവ്യാഖ്യാനങ്ങളും

തൗഹീദിന്റെ പ്രോജ്വല പ്രഖ്യാപന സംഗമമായ ഹജ്ജിൽ ഇഹ്റാം, തൽബിയ്യത്ത്, ത്വവാഫ്, സഅ്‌യ്; മിന, അറഫ, മുസ്ദലിഫ എന്നിവിടങ്ങളിൽ ഒരുമിക്കൽ, ബലിയറുക്കൽ തുടങ്ങി ഓരോ കർമങ്ങളും അല്ലാഹുവിന്റെ ഏകത്വത്തെ വിളിച്ചോതുന്നതാണ്. ശിർക്കിനോടോ അതിന്റെ ആളുകളോടോ ഒരു തരി പോലും ബന്ധമില്ലെന്ന വിളംബരവും ഇവിടെ ശ്രദ്ധേയമാണ്. അല്ലാഹു പറയുന്നു: "മഹത്തായ ഹജ്ജിന്റെ ദിവസത്തിൽ മനുഷ്യരോട് (പൊതുവായി) അല്ലാഹുവിന്റെയും റസൂലിന്റെയും ഭാഗത്തുനിന്ന് ഇതാ അറിയിക്കുകയും ചെയ്യുന്നു; അല്ലാഹുവിന്നും അവന്റെ ദൂതന്നും ബഹുദൈവവിശ്വാസികളോട് യാതൊരു ബാധ്യതയുമില്ലെന്ന്"(9:3).

വേണ്ട വിഭവങ്ങൾ ഒരുക്കിപ്പോകുക. എന്നാൽ യാത്രയ്ക്കു വേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് സൂക്ഷ്മതയാകുന്നു. ബുദ്ധിശാലികളേ, നിങ്ങളെന്നെ സൂക്ഷിച്ച് ജീവിക്കുക" (2:197).

തൗഹീദിന്റെ പ്രോജ്വല പ്രഖ്യാപന സംഗമമായ ഹജ്ജിൽ ഇഹ്റാം, തൽബിയ്യത്ത്, ത്വവാഫ്, സഅ്‌യ്; മിന, അറഫ, മുസ്ദലിഫ എന്നിവിടങ്ങളിൽ ഒരുമിക്കൽ, ബലിയറുക്കൽ തുടങ്ങി ഓരോ കർമങ്ങളും അല്ലാഹുവിന്റെ ഏകത്വത്തെ വിളിച്ചോതുന്നതാണ്. ശിർക്കിനോടോ അതിന്റെ ആളുകളോടോ ഒരു തരി പോലും ബന്ധമില്ലെന്ന വിളംബരവും ഇവിടെ ശ്രദ്ധേയമാണ്. അല്ലാഹു പറയുന്നു: "മഹത്തായ ഹജ്ജിന്റെ ദിവസത്തിൽ മനുഷ്യരോട് (പൊതുവായി) അല്ലാഹുവിന്റെയും റസൂലിന്റെയും ഭാഗത്തുനിന്ന് ഇതാ അറിയിക്കുകയും ചെയ്യുന്നു; അല്ലാഹുവിന്നും അവന്റെ ദൂതന്നും ബഹുദൈവവിശ്വാസികളോട് യാതൊരു ബാധ്യതയുമില്ലെന്ന്"(9:3).

നബി(സ്വ) പഠിപ്പിച്ച തൽബിയ്യത്ത് അല്ലാഹുവിന്റെ ഏകത്വത്തെ ഊട്ടിയുറപ്പിക്കുന്നതാണ്. മക്കാമുശ്‌രിക്കുകളും പണ്ടുമുതലേ ഹജ്ജ് ചെയ്തുവന്നിരുന്നു. അവർ തൽബിയ്യത്തും ചൊല്ലിയിരുന്നു. എന്നാൽ അവരുടെ തൽബിയ്യത്തിൽ 'നിനക്ക് യാതൊരു പങ്കാളിയുമില്ല' എന്നതിനുശേഷം 'ഒരു പങ്കാളി ഒഴികെ; അവനും അവൻ ഉടമപ്പെടുത്തിയതും നിനക്കുള്ളതാണ്' എന്ന അധിക വാചകം അവർ ചൊല്ലിയിരുന്നു. ലാത്ത, ഉസ്സ, മനാത്ത പോലുള്ള അവരുടെ ആരാധ്യന്മാർക്ക് ആരാധനകൾ അർപ്പിക്കുന്നതിൽ അവരുടെ വിശ്വാസം എന്തായിരുന്നു എന്ന് ഇതിൽനിന്നും വ്യക്തമാണ്. ഇതു കേട്ട നബി(സ്വ) 'നിങ്ങൾക്ക് നാശം; മതി, മതി' എന്ന് പറഞ്ഞ് ആ വിശ്വാസത്തിൽനിന്നും അവരെ തടയാൻ ശ്രമിക്കുക

യുണ്ടായിട്ടുണ്ട്. അല്ലാഹു 'കൊടുത്ത കഴിവി'ൽനിന്നാണ് ഞങ്ങൾ ചോദിക്കുന്നത് എന്ന പിഴച്ചവാദത്തിന് അത്രയും പഴക്കമുണ്ടെന്നർഥം.

സമസ്തക്കാർ ശിർക്കിന്റെ കൃഷിയിടങ്ങളായി പരിപാലിച്ച് വരുന്ന ജാറങ്ങളും മക്ബറകളും വ്യാജ ആത്മീയ കേന്ദ്രങ്ങളും നിലനിൽക്കുന്നതും തടിച്ചുകൊഴുക്കുന്നതും സമാന വിശ്വാസത്തിൽതന്നെയാണ്. പവിത്രമാക്കപ്പെട്ട ഹജ്ജിന്റെ ഓരോ കർമവും ചൂണ്ടിക്കാട്ടി മുസ്‌ലിയാക്കന്മാർ സമൂഹത്തെ തനിച്ച ശിർക്കിലേക്ക് നയിക്കുന്നതും ഇതേ ന്യായീകരണത്തിലൂടെയാണ്.

2024 മെയ് 16-31 ലക്കം 'സുന്നിവോയ്സി'ൽ 'മദീനാ സിയാറത്ത്,' 'അനുസ്മരണയുടെ ഹജ്ജ് കാലം' എന്നീ ലേഖനങ്ങളിലൂടെ എഴുതിവിട്ട വികലവാദങ്ങൾ പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

മുസ്‌ലിയാർ എഴുതുന്നു: "പരലോകത്ത് നബി(സ)യുടെ ശഫാഅത്ത് മോഹിച്ച് സിയാറത്തിന് വേണ്ടി തീർഥാടകർ മദീനയിലേക്കൊഴുകുന്നു. ഭൂലോകത്ത് ഏറ്റവും കൂടുതൽ സന്ദർശകരെ സ്വീകരിച്ച തീർഥാടന കേന്ദ്രം മദീനയാണ്. തിരുദൂതർ വഫാത്തായത് മുതൽ ആരംഭിച്ച വിശ്വാസി പ്രവാഹം ഇന്നുവരെ മുടങ്ങിയിട്ടില്ല" (പേജ് 29).

നബി(സ്വ)യിലൂടെ പവിത്രമാക്കപ്പെട്ട മദീന പ്രത്യേകം യാത്ര പുറപ്പെട്ട് പോകാൻ അനുവദിക്കപ്പെട്ട മസ്ജിദുന്നബവി സ്ഥിതിചെയ്യുന്ന നാടാണ്. അവിടെ നമസ്കരിക്കുന്നതിന് പ്രത്യേക കൂലിയുണ്ട്. മസ്ജിദുന്നബവിയുടെ ചുമര്, വാതിൽ, മതിൽ, നബി(സ്വ)യുടെ ക്വബ്ർ എന്നിവ തൊട്ടും തടവിയും ബറകത്തെടുക്കുക, പച്ചക്വുബ്ബയിലേക്ക് തിരിഞ്ഞ് പ്രാർഥിക്കുക തുടങ്ങിയവയൊന്നും പ്രമാണങ്ങൾ പഠിപ്പിക്കുന്നില്ല. പ്രവാചകന്റെ ക്വബ്ർ സന്ദർശനത്തിന് പ്രതിഫലമുണ്ട്. എന്നാൽ, എന്റെ ക്വബ്ർ സന്ദർശിക്കുന്നവൻ ജീവിതത്തിൽ എന്നെ സന്ദർശിച്ചവനെ പോലെയാണ്, ശഫാഅത്ത് കിട്ടാൻ എന്റെ ക്വബ്റിനരികിൽ വന്ന് തേടണം എന്നൊക്കെ നബി(സ്വ) പറഞ്ഞിട്ടുണ്ട് എന്നു പറഞ്ഞ് ജനങ്ങളെ പറ്റിക്കുന്നവരാണ് സമസ്തയുടെ പണ്ഡിതന്മാർ. അതൊന്നും സ്വീകാര്യയോഗ്യമായ ഹദീസുകളല്ല, അവയെല്ലാം ദുർബലമായ റിപ്പോർട്ടുകളാണ്. ഹജ്ജ്, ഉംറ എന്നിവയ്ക്കായി ഏറ്റവും കൂടുതൽ സന്ദർശകർ എത്തുന്നത് മക്കയിലാണെന്ന കാര്യം ഇവർക്ക് അറിയില്ലെന്നോ?

നബി(സ്വ)യെ സിയാറത്ത് ചെയ്യാൻ കാര്യമായ കൽപന പ്രമാണങ്ങളിലുണ്ടെന്ന് വാദിച്ച് മുസ്‌ലിയാർ അതിനായി ക്വുർആൻ സൂക്തത്തെപോലും ദുർവ്യാഖ്യാനിക്കുകയാണ്. സൂറത്തുന്നിസാഇലെ 64ാം വചനം സൂചിപ്പിച്ച് അദ്ദേഹം എഴുതുന്നു: "ജീവിത കാലത്തെന്ന പോലെ മരണശേഷവും നബി(സ)യോട് നമുക്ക് ആവലാതി ബോധിപ്പിക്കാം. നമ്മുടെ വിഷയത്തിൽ അവിടുന്ന് ഇടപെടുകയും ചെയ്യും. ഈ ആയത്ത് കൊണ്ട് ഈ ആശയം സമർഥിക്കുമ്പോൾ നവീനവാദികൾ ചില തെറ്റിദ്ധാരണകൾ സൃഷ്ടിക്കാറുണ്ട്" (പേജ് 30).


മസ്ജിദുന്നബവിയുടെ ചുമര്, വാതിൽ, മതിൽ, നബി(സ്വ)യുടെ ക്വബ്ർ എന്നിവ തൊട്ടും തടവിയും ബറകത്തെടുക്കുക, പച്ചക്വുബ്ബയിലേക്ക് തിരിഞ്ഞ് പ്രാർഥിക്കുക തുടങ്ങിയവയൊന്നും പ്രമാണങ്ങൾ പഠിപ്പിക്കുന്നില്ല. പ്രവാചകന്റെ ക്വബ്ർ സന്ദർശനത്തിന് പ്രതിഫലമുണ്ട്. എന്നാൽ, എന്റെ ക്വബ്ർ സന്ദർശിക്കുന്നവൻ ജീവിതത്തിൽ എന്നെ സന്ദർശിച്ചവനെ പോലെയാണ്, ശഫാഅത്ത് കിട്ടാൻ എന്റെ ക്വബ്റിനരികിൽ വന്ന് തേടണം എന്നൊക്കെ നബി(സ്വ) പറഞ്ഞിട്ടുണ്ട് എന്നു പറഞ്ഞ് ജനങ്ങളെ പറ്റിക്കുന്നവരാണ് സമസ്തയുടെ പണ്ഡിതന്മാർ. അതൊന്നും സ്വീകാര്യയോഗ്യമായ ഹദീസുകളല്ല, അവയെല്ലാം ദുർബലമായ റിപ്പോർട്ടുകളാണ്. ഹജ്ജ്, ഉംറ എന്നിവയ്ക്കായി ഏറ്റവും കൂടുതൽ സന്ദർശകർ എത്തുന്നത് മക്കയിലാണെന്ന കാര്യം ഇവർക്ക് അറിയില്ലെന്നോ

കപടവിശ്വാസികൾ നബി(സ്വ)യോട് കാണിച്ച അവഗണനയുടെ അപകടവും യഥാർഥത്തിൽ അവർ ചെയ്യേണ്ടത് എന്തായിരുന്നെന്നും വ്യക്തമാക്കുന്ന ആയത്താണിത്. ജീവിതകാലത്തോ, മരണശേഷമോ അദ്ദേഹത്തോട് തേട്ടം നടത്താൻ പാടുണ്ടോ ഇല്ലയോ എന്ന ചർച്ച ഇതിലെവിടെയുമില്ല. ആരോടാണോ തെറ്റുചെയ്തത് അവരോട്, തനിക്ക് പൊറുത്തു കിട്ടാൻ അല്ലാഹുവിനോട് പ്രാർഥിക്കണമെന്ന് ആവശ്യപ്പെടുകയല്ലാതെ പാപമോചന പ്രാർഥനക്ക് എല്ലാവരും നബിസന്നിധിയിൽ എത്തണമെന്നൊരു നിയമം ഇസ്‌ലാമിലില്ല.

അല്ലാഹു പറയുന്നു: "പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു

പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻതന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനും" (39:53).

ഈ ആയത്തിനെ ദുർവ്യാഖ്യാനം ചെയ്യാൻ 'ഉതുബി' എന്ന വ്യക്തിയുമായി ബന്ധപ്പെട്ടുള്ള ഒരു സ്വപ്നക്കഥ മുസ്‌ലിയാർ ചേർത്തിട്ടുണ്ട്. ആ കഥയുടെ പരമ്പര ദുർബലമാണെന്നും ആരുടെയെങ്കിലും സ്വപ്നം നബി(സ്വ)യിലൂടെ പൂർത്തിയാക്കപ്പെട്ട മതത്തിൽ എങ്ങനെയാണ് തെളിവാകുക എന്നും കാലങ്ങളായി ഇവരോട് ചോദിച്ചുകൊണ്ടിരിക്കുകയാണ്.



വിശ്വാസകാര്യങ്ങൾക്ക് മുതവാത്തിറായ റിപ്പോർട്ടുകൾ വേണമെന്ന അശ്അരി വാദത്തിൽ ഉറച്ച ഇവർക്ക് ഇതെങ്ങനെ തെളിവാകും? അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാർ ആരും ഇത് ഉദ്ധരിച്ച് ഇങ്ങനെയൊരു വിശ്വാസം പഠിപ്പിച്ചിട്ടുമില്ല.

അടിച്ചമർത്തപ്പെടുന്ന സാഹചര്യങ്ങളിൽ തന്റെ മതം സംരക്ഷിക്കുന്നതിനും ജീവിതത്തിൽ ഗുണം കിട്ടുന്നതിന്നും അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് പലായനം നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന സൂറത്തുന്നിസാഇലെ 100ാം വചനത്തെയും അതിന്റെ ലക്ഷ്യം തെറ്റിച്ച് ഈ വിശ്വാസ പ്രചാരണത്തിന് വേണ്ടി മുസ്‌ലിയാർ ഉപയോഗിക്കുന്നുണ്ട്.

ഹജ്ജിനെ തങ്ങളുടെ അനാചാരങ്ങൾക്ക് തെളിവാക്കാൻ മുസ്‌ലിയാർ ശ്രമിക്കുന്നത് കാണുക: "ഔലിയാക്കളെയും സ്വാലിഹീങ്ങളെയും ആദരിക്കുക, അവരുടെ മഖ്ബറകളെ ബഹുമാനിക്കുക, അവരുടെ കാൽപാദങ്ങൾ പതിഞ്ഞ ഇടങ്ങളെ മാനിക്കുക, അവരെ അനുസ്മരിക്കുന്ന മാല മൗലിദുകൾ ജീവിതത്തിൽ പതിവാക്കുക, അവരെ കൊണ്ട് ബറകത്തെടുക്കുക, അവർ നിസ്കരിച്ച സ്ഥലത്ത് ഇബാദത്ത് നിർവഹിക്കുക പോലുള്ള കാര്യങ്ങൾ ചെയ്യുന്നത് സുന്നികളാണ്. എന്നാൽ സജ്ജനങ്ങളുടെ മഖ്ബറകൾ ശിർക്കിന്റെ കൂടാരമാണെന്നും അവിടേക്ക് സിയാറത്ത് യാത്ര പാടില്ലെന്നുമുള്ള വികലവാദങ്ങൾ ഉന്നയിക്കുന്ന അവാന്തര വിഭാഗങ്ങൾക്കെങ്ങനെ ഹജ്ജിനെ പൂർണാർഥത്തിൽ ഉൾക്കൊള്ളാൻ കഴിയും? ചുറ്റും നബിമാരുടെ ഖബ്റുകളുള്ള കഅ്ബയെ വലയം ചെയ്യാൻ അവർക്കു കഴിയുമോ? കഅ്ബയെ ലക്ഷ്യം വെച്ചുള്ള യാത്രയാണ് ഹജ്ജ്" (പേജ് 40).

കഅ്ബയെ മഖ്ബറകളുമായി ബന്ധിപ്പിക്കുന്നതും സിയാറത്ത് യാത്രയാക്കി ചിത്രീകരിക്കുന്ന തുമൊക്കെ എന്തിനെന്ന് വിശദീകരിക്കേണ്ടതില്ലല്ലോ. കഅ്ബക്ക് ചുറ്റും നബിമാരുടെ ക്വബ്റുകളുണ്ടെന്ന ശിയാജൽപനങ്ങളാണ് ഇവർ ഏറ്റുപിടിക്കുന്നത്. ഹജ്ജിന്റെ മഹത്തായ ലക്ഷ്യങ്ങളെ കഅ്ബ കാണുക എന്നാക്കി ചുരുക്കിയതും അതുകൊണ്ടാണ്.

അല്ലാഹു പറയുന്നു: "ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു)" (22:26).

ഹജറുൽ അസ്‌വദ് ചുംബിക്കുക എന്ന സുന്നത്തിനെ കാരണമാക്കി മുസ്‌ലിയാർ എഴുതുന്നു: "അവിശ്വാസി ഒരു കല്ലിനെ പൂജിക്കുന്നതും ഒരു മുസ്‌ലിം ഹജറുൽ അസ്‌വദിനെ ആദരിക്കുകയും തൊട്ട് മുത്തുകയും ചെയ്യുന്നത് തമ്മിൽ പ്രവർത്തിപരമായി സമാനതയുണ്ടെങ്കിലും ഒന്ന് ശിർക്കും മറ്റേത് തൗഹീദുമാണ്. മഹാന്മാരുടെ ജാറത്തിങ്കൾ പോകുമ്പോഴും ആ ഖബ്റിനെ ആരാധിക്കുകയല്ല, മറിച്ച് അവിടെയുള്ള സ്വാലിഹീങ്ങളെ ബഹുമാനിക്കുകയും അവരെ കൊണ്ട് ബറകത്തെടുക്കുയാണ്. ആ മഹാനോ ഖബ്ർ കെട്ടിപ്പൊക്കിയ കല്ലിനോ സ്വന്തമായി കഴിവുണ്ടെന്ന വിശ്വാസം മുസ്‌ലിംങ്ങൾക്കില്ല. ഇത് മനസ്സിലാക്കിയ ഒരു മുഅ്മിനും ബിദ്അത്തിന്റെ കെണിയിൽ കുടുങ്ങില്ലെന്ന് ഉറപ്പാണ്" (പേജ് 42).

ഹജറുൽ അസ്‌വദിനെ മുത്തുക അല്ലെങ്കിൽ അതിനു നേരെ ആംഗ്യം കാണിക്കുക എന്നത് നബിചര്യയാണ്. അതിനെ ജാറപൂജക്കുള്ള തെളിവാക്കുവാനാണ് മുസ്‌ലിയാരുടെ ശ്രമം. ഹജറുൽ അസ്‌വദിനെ മുത്തുന്നതിന് പ്രവാചക ജീവിതത്തിൽ മാതൃകയുണ്ട്. എന്നാൽ ക്വബ്ർ കെട്ടിപ്പടുക്കാനും അതിന്മേൽ ചുംബിക്കാനും അതിൽ കിടക്കുന്ന വ്യക്തിയോട് സഹായം തേടാനും അയാളെ ഇടയാളനാക്കാനുമൊക്കെ എവിടെയാണ് മാതൃക?

ഉമർ(റ) ഹജറുൽ അസ്‌വദിനെ ചുംബിച്ചുകൊണ്ട് പറഞ്ഞു: "അല്ലാഹു തന്നെയാണെ, നീ ഒരു കല്ലാണെന്ന് എനിക്കറിയാം. നിനക്ക് ഉപകാരം ചെയ്യാനോ ഉപദ്രവം തടുക്കാനോ കഴിയില്ല. എന്റെ പ്രവാചകൻ നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടില്ലായിരുന്നെങ്കിൽ ഞാൻ ഇത് ചെയ്യില്ലായിരുന്നു" (മുസ്‌ലിം).

ഞങ്ങളുടെ ആരാധ്യന്മാർക്ക് സ്വന്തമായി കഴിവില്ലെന്നും അല്ലാഹു കൊടുത്ത കഴിവിൽനിന്നാണ് ഞങ്ങളെ ചോദിക്കുന്നതെന്നുമുള്ള മക്കാമുശ്‌രിക്കുകളുടെ അതേ വാദം തന്നെയാണ് സമസ്തക്കാർക്ക് ഉള്ളതെന്ന് 'സ്വന്തമായി കഴിവുണ്ടെന്ന വിശ്വാസം മുസ്‌ലിംങ്ങൾക്കില്ല' എന്നതിലൂടെ മുസ്‌ലിയാർ ഇവിടെ സമ്മതിച്ചിരിക്കുകയാണ്. ഇവർ തമ്മിൽ ആശയപരമായി എന്തൊക്കെയാണ് വ്യത്യാസമെന്ന് ഇക്കൂട്ടർ സമൂഹത്തെ ബോധപ്പെടുത്തട്ടെ!

മഹാന്മാരുടെയോ ആ പേരിൽ അറിയപ്പെടുന്നവരുടെയോ ജാറങ്ങൾ ഉണ്ടാക്കുക എന്നതും അഹ്‌ലുസ്സുന്നയുടെ സംസ്കാരമല്ല. ജൂതക്രൈസ്തവരിൽനിന്ന് ശിയാക്കളും സൂഫികളും പകർത്തിയതാണത്. ജാറങ്ങളിലെത്തി അതിന്റെ ചുമരിലും നിലത്തുമൊക്കെ പലരും 'പറ്റിക്കിടക്കുന്നത്' അവർക്ക് ഉപകാരം ചെയ്തുതരാൻ കഴിയും എന്ന വിശ്വാസം കൊണ്ടുതന്നെയാണ്. ക്വുർആനിന്റെ ചോദ്യത്തെ ഇവർ ശ്രദ്ധിക്കട്ടെ. അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: അല്ലാഹുവെ കൂടാതെ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത വസ്തുക്കളെയാണോ നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (5:76)

മകാമു ഇബ്‌റാഹീമിലും മുസ്‌ലിയാർ ശിർക്കിന് തെളിവു കണ്ടെത്തുന്നത് നോക്കൂ: "സുന്നികളെ സംബന്ധിച്ചിടത്തോളം ഈ കാഴ്ചകൾ തങ്ങളുടെ വിശ്വാസ-ആചാരങ്ങളെ ഒന്നുകൂടി ഊട്ടിയുറപ്പിക്കുന്നു. കാരണം മഹാന്മാരുമായി ബന്ധപ്പെട്ടതൊക്കെ വളരെ പവിത്രവും ആദരണീയവുമായി കരുതുന്നത് സുന്നികൾ മാത്രമാണ്. ഈ ആദരവിന് അല്ലാഹു വലിയ മഹത്ത്വം കൽപിക്കുകയും ചെയ്യുന്നു" (പേജ് 41).

അവിടെയും 'മക്വാം' ഉണ്ടെന്ന് ജനങ്ങളെ വിശ്വസിപ്പിക്കാനുള്ള ശ്രമമാണിത്. കേരളത്തിൽ മക്ബറ വ്യവസായം നടത്തുന്നതിനുള്ള തെളിവ് മക്വാമു ഇബ്‌റാഹീമിൽ കണ്ടത്താനുള്ള ശ്രമം. ത്വവാഫിന് ശേഷം രണ്ടു റക്‌അത്ത് നമസ്‌കരിക്കാനുള്ള ഭാഗം എന്നതാണ് മക്വാമിന്റെ താൽപര്യമെന്ന് മുഫസ്സിറുകൾ വിശദീകരിച്ചിട്ടുണ്ട്. ഇതെല്ലാം ആദരിക്കപ്പെടേണ്ട മതചിഹ്നങ്ങളാണെന്ന അധ്യാപനം നന്നായി പരിഗണിക്കുന്നവരാണ് സലഫികൾ. ആദരിക്കാൻ പറഞ്ഞതിനെ ആരാധിക്കുന്ന, സ്വന്തമായി മതചിഹ്നങ്ങൾ നിശ്ചയിക്കുന്ന സ്വഭാവം സലഫികൾക്കില്ല.

ഹിജ്ർ ഇസ്മാഈലിനെ കുറിച്ചും ഇവർക്കുള്ളത് ശിയാവിശ്വാസമാണ്. മുസ്‌ലിയാർ എഴുതുന്നു: "ഹിജ്ർ ഇസ്മാഈൽ ചുറ്റുമ്പോൾ അവിടെ മറപെട്ട് കിടക്കുന്ന ഹാജർ ബീവി(റ)യുടെയും ഇസ്മാഈൽ നബി(അ)യുടെയും ഖബറിടം കൊണ്ട് ധന്യമാണീ പുണ്യസ്ഥലമെന്ന് ഓർക്കുക. അവർ നേരിട്ട പരീക്ഷണങ്ങൾ ഓർക്കലും അവരെ ആദരിക്കലും സിയാറത്ത് ചെയ്യലും ഇതിലൂടെ സംഭവിക്കുന്നുവെന്ന യാഥാർത്ഥ്യം തിരിച്ചറിയുക" (പേജ് 41).

ഹിജ്ർ ഇസ്മാഈൽ ചുറ്റുക എന്നൊരു കർമം ഹജ്ജിൽ ഇല്ല. ഹിജ്ർ ഇസ്മാഈൽ കഅ്ബയുടെ ഒരു ഭാഗമാണ്. കഅ്ബയെ ത്വവാഫ് ചെയ്യുമ്പോൾ സ്വാഭാവികമായും അതും ഉൾപ്പെടുമെന്നു മാത്രം. അല്ലാഹു എന്നു കേട്ടാൽ തോന്നാത്ത ഭയഭക്തി ക്വബ്ർ എന്നു കേട്ടാൽ ഇവർക്കുണ്ടാകുന്നു എന്നത് അത്ഭുതകരമാണ്. നബി(സ്വ)യുടെ ക്വബ്ർ ഉള്ളതുകൊണ്ടല്ല മസ്ജിദുന്നബവിയിലെ നമസ്‌കാരത്തിന് മറ്റു പള്ളികളിലെ നമസ്‌കാരത്തെക്കാൾ ആയിരം ഇരട്ടി പ്രതിഫലം നിശ്ചയിച്ചിരിക്കുന്നത്.

മിനയിൽ നിർവഹിക്കപ്പെടുന്ന ആരാധനകളെ സംബന്ധിച്ച് മുസ്‌ലിയാർ എഴുതുന്നു: "മഹാന്മാരുടെ ജാറങ്ങൾ ശിർക്കിന്റെ കേന്ദ്രങ്ങളാണെന്ന് കൊട്ടിഘോഷിക്കുന്ന അവാന്തര കക്ഷികൾ ഹജ്ജ് സമയം മിനായിലെത്തിയാൽ മസ്ജിദുൽ ഖൈഫിൽ നിസ്കരിക്കുമോ? മഹാന്മാർ അന്ത്യവിശ്രമംകൊള്ളുന്ന സ്ഥലത്തു വെച്ച് നിസ്കരിക്കുമ്പോൾ വസ്വീലത്തു ശിർക്ക് വരില്ലേ" (പേജ് 43).

മസ്ജിദുൽ ഖൈഫ് എന്നറിയപ്പെടുന്ന മിനയിലെ പള്ളിയിൽ പ്രത്യേക നമസ്‌കാരങ്ങളൊന്നുമില്ല. എഴുപതോളം പ്രവാചകന്മാർ അവിടെ നമസ്‌കരിച്ചു എന്ന ദുർബല റിപ്പോർട്ട് പ്രചരിപ്പിക്കുന്നത് ശിയാക്കളാണ്. വിശ്വാസ യോഗ്യമായ ഒരു റിപ്പോർട്ടും ഈ വിഷയത്തിൽ വന്നിട്ടില്ല. അവിടെ നമസ്‌കരിച്ച നബി(സ്വ)യും സ്വഹാബികളും വസ്വീലത്തു ശിർക്കിൽ അകപ്പെട്ടു എന്നിവർ പറയുമോ? 'ക്വബ്റുകളിലേക്ക് നിങ്ങൾ നമസ്‌കരിക്കരുത്' എന്ന് പറഞ്ഞ നബി(സ) അതിനെതിരായി ചെയ്തുവെന്നാണോ ഇവർ വിശ്വസിക്കുന്നത്?

ശിർക്കിന്റെ വേരറുക്കുന്ന പരിശുദ്ധ ഹജ്ജിന്റെ മറവിലാണിതെല്ലാം മുസ്‌ലിയാക്കന്മാർ പ്രചരിപ്പിക്കുന്നത്. വിശുദ്ധ ക്വുർആനിന്റെ അധ്യാപനങ്ങളെയും ഹജ്ജിന്റെ ലക്ഷ്യങ്ങളെയും അവഗണിക്കുന്ന രീതിയാണിത്.

മെഹബൂബ് മദനി, ഒറ്റപ്പാലം




# സ്രഷ്ടാവിനെ സൃഷ്ടികളുമായി താരതമ്യം ചെയ്യരുത്

ഒരു മനുഷ്യൻ ഏറ്റവും പ്രധാനമായി അറിഞ്ഞിരിക്കേണ്ട വിജ്ഞാനീയങ്ങളിൽ പ്രഥമമായത് തന്നെ സൃഷ്ടിച്ച അല്ലാഹുവിനെക്കുറിച്ചാണെന്നതിൽ സംശയമില്ല. 'ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് നീ അറിയുക' (47:19) എന്ന ക്വുർആൻ വചനം ഇതിലേക്ക് സൂചന നൽകുന്നതാണ്. സ്രഷ്ടാവിനെക്കുറിച്ചുള്ള പ്രമാണബദ്ധമായ വിശ്വാസമാണ് എല്ലാവിധ നന്മകളുടെയും അടിസ്ഥാനം. ഇത് കരഗതമാകുന്നതിലൂടെ മാത്രമെ മനുഷ്യർക്ക് നന്മകളിൽ അടിയുറച്ച് നിൽക്കുവാനും തിന്മകളെ പാടെ ജീവിതത്തിൽനിന്ന് ഒഴിവാക്കുവാനും സാധിക്കുകയുള്ളൂ.

സ്രഷ്ടാവിനെക്കുറിച്ചുള്ള വികലമായ ധാരണകളും വിശ്വാസങ്ങളുമാണ് അധികമാളുകളെയും സന്മാർഗസരണിയിൽനിന്ന് തെറ്റിച്ചുകളയുന്നത്. പ്രവാചകന്മാരാൽ പഠിപ്പിക്കപ്പെട്ട കളങ്കമുക്തമായ വിശ്വാസങ്ങളിൽനിന്ന് തെന്നിമാറുന്നതോടെ അന്ധവിശ്വാസങ്ങളായിരിക്കും മനസ്സുകളിൽ മുള പൊട്ടുക. അതാകട്ടെ നരകത്തിലേക്ക് മനുഷ്യരെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

‘ഒരു മനുഷ്യന്നും അല്ലാഹു യാതൊന്നും അവതരിപ്പിച്ചു കൊടുത്തിട്ടില്ല എന്നു പറഞ്ഞ സന്ദർഭത്തിൽ അല്ലാഹുവെ വിലയിരുത്തേണ്ട മുറപ്രകാരം വിലയിരുത്താതിരിക്കുകയാണ് അവർ ചെയ്തത്...’ (6:91).

അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങൾ (അസ്മാഉ വസ്സിഫാത്ത്) പഠിക്കുന്നതിലൂടെയാണ് നമുക്ക് കാരുണ്യവാനായ റബ്ബിനെ അടുത്തറിയാനാവുക. അല്ലാഹുവിന്ന് ഏറ്റവും അത്യുത്തമമായ നാമങ്ങളാണുള്ളത്. അവയെല്ലാംതന്നെ ഏറ്റവും നല്ല അർഥങ്ങളുള്ളതും അല്ലാഹുവിന്റ മഹത്ത്വത്തിനും ഔന്നിത്യത്തിനും യോജിച്ചവയുമാണ്. അല്ലാഹു പറയുന്നു:

‘അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെടും’(7:180).

ക്വുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ടുവന്ന നാമങ്ങളിലൂടെയാണ് നാം റബ്ബിനെക്കുറിച്ച് അറിയേണ്ടത്. നമുക്ക് തോന്നുന്ന രൂപത്തിൽ അല്ലാഹുവിന് പേരുകൾ നൽകുന്നത് അനുവദനീയമല്ല. അത് വലിയ മാർഗഭ്രംശത്തിലേക്കാണ് മനുഷ്യരെ കൊണ്ടുചെന്നെത്തിക്കുക. മനുഷ്യബുദ്ധികൊണ്ട് ഒരിക്കലും അല്ലാഹുവിന്റെ പുതിയ നാമങ്ങളൊന്നും തേടിപ്പിടിക്കുവാൻ സാധ്യമല്ല. അത് റബ്ബിനോട് ചെയ്യുന്ന അന്യായമാണ്. അറിവ് നൽകപ്പെട്ടില്ലാത്ത കാര്യങ്ങൾക്ക് പിന്നാലെ പോകുന്നത് നഷ്ടം മാത്രമെ വരുത്തിവെക്കൂ:

‘നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്’(17:36).

അല്ലാഹുവിന്റെ നാമങ്ങളെ അടുത്തറിയുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി നബി(സ്വ) പറഞ്ഞത് കാണുക: ‘നിശ്ചയം! അല്ലാഹുവിന് 99 നാമങ്ങളുണ്ട്. നൂറിൽ ഒന്ന് കുറവ്. വല്ലവനും അവയെ ‘ഇഹ്സ്വാഅ്’ ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു’ (മുസ്ലിം).

> അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളെ നിഷേധിക്കുവാനോ രൂപം പറയുവാനോ ഉപമിക്കാനോ സാദൃശ്യപ്പെടുത്താനോ പാടില്ലാത്തതാണ്. ഇസ്ലാമിക ലോകത്തെ അറിയപ്പെട്ട അക്വീദ (വിശ്വാസം) ഗ്രന്ഥമായ ‘അക്വീദതുൽ വാസിത്വിയ്യ’യിൽ ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ(റഹി) പറയുന്നത് കാണുക: ‘ഫിർക്വതുന്നാജിയ്യയുടെ, അത്ത്വാഇഫതുൽ മൻസ്വൂറയുടെ അഥവാ അഹ്ലുസ്സുന്ന വൽജമാഅയുടെ വിശ്വാസ സംഹിതയാണിത്. അതായത് അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവനയച്ച ദൂതന്മാരിലും മരണാനന്തര ജീവിതത്തിലും വിധിയിലും അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കുക.

‘ഇഹ്സ്വാഅ്’ ചെയ്യുക എന്നതിന്റെ ഉദ്ദേശ്യം അവയെ എണ്ണിതിട്ടപ്പെടുത്തുകയും മനഃപാഠമാക്കുകയും ചെയ്യലാണെന്നും, അവയുടെ അർഥവും തേട്ടവും അറിയലാണെന്നും, അവകൊണ്ട് പ്രാർഥിക്കലാണെന്നും വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച ഹദീസിൽനിന്ന് അല്ലാഹുവിന് 99 നാമങ്ങൾ മാത്രമേയുള്ളൂ എന്ന് ഒരിക്കലും മനസ്സിലാക്കിക്കൂടാ. കാരണം അല്ലാഹുവിന്റെ നാമങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ നമുക്ക് കഴിയാവുന്നതിലപ്പുറമാണെന്ന് മറ്റു ഹദീസുകളിൽ വന്നിട്ടുണ്ട്. അല്ലാഹുവിന്റെ നാമങ്ങളിൽനിന്ന് ‘ഇഹ്സ്വാഅ്’ ചെയ്താൽ സ്വർഗപ്രവേശം സാധ്യമാകുന്നതിന്റെ എണ്ണത്തെയാണ് ആ എണ്ണംകൊണ്ട് അർഥമാക്കുന്നത്. നമുക്ക് വ്യക്തമാക്കിത്തരാത്ത നാമങ്ങൾ റഹ്മാനായ അല്ലാഹുവിനുണ്ടെന്ന് വ്യക്തമാക്കുന്ന ഒരു ദുആയിൽ ഇപ്രകാരം കാണാം: ‘നീ നിന്റെ നഫ്സിന് പേരുവെച്ച, നിന്റെ സൃഷ്ടികളിൽ ഒരാളെ പഠിപ്പിച്ച, നിന്റെ ഗ്രന്ഥത്തിൽ നീ അവതരിപ്പിച്ച, നിന്റെ അടുക്കലുള്ള അദൃശ്യജ്ഞാനത്തിൽ നീ നിനക്ക് പ്രത്യേകമാക്കിയ നിനക്കുള്ള എല്ലാ പേരുകളും മുൻനിറുത്തി ഞാൻ നിന്നോട് തേടുന്നു’(അഹ്മദ്).

അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളെ നിഷേധിക്കുവാനോ രൂപം പറയുവാനോ ഉപമിക്കാനോ സാദൃശ്യപ്പെടുത്താനോ പാടില്ലാത്തതാണ്. ഇസ്ലാമിക ലോകത്തെ അറിയപ്പെട്ട അക്വീദ (വിശ്വാസം) ഗ്രന്ഥമായ ‘അക്വീദതുൽ വാസിത്വിയ്യ’യിൽ ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ(റഹി) പറയുന്നത് കാണുക: ‘ഫിർക്വതുന്നാജിയ്യയുടെ, അത്ത്വാഇഫതുൽ മൻസ്വൂറയുടെ അഥവാ അഹ്ലുസ്സുന്ന വൽജമാഅയുടെ വിശ്വാസ സംഹിതയാണിത്. അതായത് അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവനയച്ച ദൂതന്മാരിലും മരണാനന്തര ജീവിതത്തിലും വി

ധിയിലും അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കുക.

അല്ലാഹുവിലുള്ള വിശ്വാസത്തിൽ പെട്ടതാണ് അല്ലാഹു അവനെപ്പറ്റി അവന്റെ ഗ്രന്ഥത്തിൽ വിശേഷിപ്പിച്ചതും അല്ലാഹുവിന്റെ ദൂതൻ അവനെപ്പറ്റി വിശദീകരിച്ചതുമായ വിശേഷണങ്ങൾ ദുർവ്യാഖ്യാനിക്കാതെയും നിഷേധിക്കാതെയും സാമ്യപ്പെടുത്താതെയും ഉപമിക്കാതെയും വിശ്വസിക്കുക എന്നത്.

'അവന് സാമ്യമൊത്ത ഒന്നുമില്ല. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാണ്' (42:11) എന്ന് അല്ലാഹുവെ സംബന്ധിച്ച് അവർ വിശ്വസിക്കണം. അവൻ സ്വന്തത്തെപ്പറ്റി വിശേഷിപ്പിച്ചതായ ഒന്നും അവർ നിഷേധിക്കരുത്. പദങ്ങളെ അതിന്റെ യഥാർഥ സ്ഥാനത്തുനിന്ന് കോട്ടിമാട്ടുകയോ അല്ലാഹുവിന്റെ നാമങ്ങളിലും ആയത്തുകളിലും കൃത്രിമം കാണിക്കുകയോ ചെയ്യരുത്. അല്ലാഹുവിന്റെ വിശേഷണങ്ങളുടെ രൂപം പറയുകയോ സൃഷ്ടികളുടെ വിശേഷണങ്ങളോട് സാമ്യപ്പെടുത്തുകയോ ചെയ്യരുത്. പരിശുദ്ധനായ അല്ലാഹുവിന് പേരൊത്തതായി ആരുമില്ല. അവന് സമന്മാരോ സദൃശ്യരോ ഇല്ല. പരിശുദ്ധനും ഉന്നതനുമായ അവനെ സൃഷ്ടികളോട് താരതമ്യം ചെയ്യാൻ കഴിയുന്നതുമല്ല. തീർച്ചയായും സ്വന്തത്തെപ്പറ്റിയും ഏറ്റവും വസ്തുതാപരവും നല്ലതും അവന്റെ വാക്കുകളാണ്. ശേഷം വിശ്വസ്തരായ അവന്റെ ദൂതന്മാരുടെ (വാക്കുകളും). അല്ലാഹുവെക്കുറിച്ച് അറിവില്ലാത്തവർ പറഞ്ഞുകൊണ്ടിരിക്കുന്നതിന് വിരുദ്ധമായാണ് (കാര്യങ്ങൾ). അതുകൊണ്ടാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത്: 'പ്രതാപത്തിന്റെ നാഥനായ നിന്റെ രക്ഷിതാവ് അവർ ചമച്ചു പറയുന്നതിൽനിന്നെല്ലാം എത്ര പരിശുദ്ധൻ! ദൂതന്മാർക്ക് സമാധാനം. ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി' (അകീദതുൽ വാസിതിയ്യ, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ).

അല്ലാഹുവിനെക്കുറിച്ച് പ്രമാണബദ്ധമായി മനസ്സിലാക്കിയില്ലെങ്കിൽ അത് മനുഷ്യരെ സ്രഷ്ടാവിനെക്കുറിച്ച തെറ്റായ ധാരണകളിലേക്കെത്തിക്കുകയും

> അല്ലാഹുവിന്റെ വിശേഷണങ്ങളുടെ രൂപം പറയുകയോ സൃഷ്ടികളുടെ വിശേഷണങ്ങളോട് സാമ്യപ്പെടുത്തുകയോ ചെയ്യരുത്. പരിശുദ്ധനായ അല്ലാഹുവിന് പേരൊത്തതായി ആരുമില്ല. അവന് സമന്മാരോ സദൃശ്യരോ ഇല്ല. പരിശുദ്ധനും ഉന്നതനുമായ അവനെ സൃഷ്ടികളോട് താരതമ്യം ചെയ്യാൻ കഴിയുന്നതുമല്ല. തീർച്ചയായും സ്വന്തത്തെപ്പറ്റിയും ഏറ്റവും വസ്തുതാപരവും നല്ലതും അവന്റെ വാക്കുകളാണ്. ശേഷം വിശ്വസ്തരായ അവന്റെ ദൂതന്മാരുടെ (വാക്കുകളും). അല്ലാഹുവെക്കുറിച്ച് അറിവില്ലാത്തവർ പറഞ്ഞുകൊണ്ടിരിക്കുന്നതിന് വിരുദ്ധമായാണ് (കാര്യങ്ങൾ).

അത് മുഖേന അല്ലാഹുവിനെക്കുറിച്ച് അറിവില്ലാത്തത് പറയുകയും ചെയ്യും. ഇതാകട്ടെ വിലക്കപ്പെട്ട കാര്യവുമാണ്. അല്ലാഹു പറയുന്നത് കാണുക:

'പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും അധർമവും ന്യായം കൂടാതെയുള്ള കയ്യേറ്റവും യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്' (7:33).

ക്വുർആനിലെ ഏറ്റവും ശ്രേഷ്ഠമായ വചനമായി നബി(സ്വ) അറിയിച്ച ആയത്തുൽ കുർസിയ്യ് അല്ലാഹുവിനെ സംബന്ധിച്ച വ്യക്തമായ ബോധം നമുക്ക് നൽകുന്നതാണ്:

'അല്ലാഹു -അവനല്ലാതെ ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ' (2:255).

പ്രത്യേകതകൾ ഏറെയുള്ള സൂറത്തുൽ ഇഖ്‌ലാസും അല്ലാഹു ആരെന്ന് നമുക്ക് പറഞ്ഞുതരുന്നു. അല്ലാഹുവിനെ സൃഷ്ടികളോട് സാമ്യപ്പെടുത്തുന്നവർക്കുള്ള കൃത്യമായ മറുപടിയും അത് നൽകുന്നു: '(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും' (112:1-4).

ഇബ്നു അലി

# സമയമായില്ല പോലും!

"ഹജ്ജിന് എന്തേ പോകാത്തത്?"

"കുറച്ചുകൂടി കഴിയട്ടെ; സമയമായിട്ടില്ല."

"കാശില്ലാഞ്ഞിട്ടല്ല, ആരോഗ്യം ഇല്ലാഞ്ഞിട്ടുമല്ല. പിന്നെന്തേ...?"

"കുറച്ചു കാര്യങ്ങൾ കൂടി ചെയ്യാനുണ്ട്."

എന്താവാം തിരക്കുകൾ? മക്കളുടെ പഠനമാണ്. മക്കളുടെ ജോലിയാണ്. അവരുടെ കല്യാണമാണ്. അവർക്ക് വീട് വച്ചു കൊടുക്കണം. കച്ചവടത്തിന്റെ പ്രശ്നമുണ്ട്. ജോലിത്തിരക്കുമുണ്ട്. വേറെയും ചിലതുണ്ട്. തിരക്കെല്ലാം കഴിഞ്ഞിട്ട് എന്നാണ് ഹജ്ജിനു പോകാൻ കഴിയുക? റബ്ബിന്റെ വിളിക്ക് ഉത്തരം നൽകാൻ, അവന്റെ അതിഥിയാകാൻ എന്നാണ് സമയം കിട്ടുക?


കൊല്ലങ്ങൾക്കു മുമ്പ് കരിപ്പൂർ ഹജ്ജ് ക്യാമ്പിൽ ഹാജിമാർക്ക് സേവനം നൽകുന്ന വളണ്ടിയറായി വർത്തിക്കുകയായിരുന്നു. ഹജ്ജിന് പോകുന്നവരൊക്കെ പ്രായമുള്ളവർ. പലർക്കും നടക്കാൻ പ്രയാസം. പലർക്കും കോണി കയറാൻ, ഹാൻഡ് ബാഗ് തൂക്കാൻ... എല്ലാം പരസഹായം ആവശ്യം. ചിലർ ഭാര്യ കൂടെയില്ലാത്തതിനാൽ മരുന്ന് കഴിക്കാൻ പോലും മറക്കുന്നു.

ഇതിനിടയിലാണ് രണ്ട് ചെറുപ്പക്കാർ ചറപറ വർത്തമാനം പറഞ്ഞുകൊണ്ട് വന്നത്. അവർ ഹജ്ജിനാണ് എന്നറിഞ്ഞപ്പോൾ അത്ഭുതം. എങ്ങനെയാണ് ഇത്ര ചെറുപ്പത്തിൽ ഹജിന് അവസരം കിട്ടിയതെന്ന ചോദ്യത്തിന്, അവർ തുടർച്ചയായി അഞ്ചുകൊല്ലം അപേക്ഷിച്ചുകൊണ്ടിരുന്നു എന്നായിരുന്നു മറുപടി. മുമ്പ് അത്തരക്കാർ ഹജ്ജിന് നറുക്കെടുപ്പില്ലാതെ തിരഞ്ഞെടുക്കപ്പെടുമായിരുന്നു. എനിക്ക് അതിശയവും ആവേശവും തോന്നി. ആരോഗ്യമുള്ള നല്ലകാലത്ത് ഹജ്ജ് ചെയ്യണം. മിന, അറഫ, മുസ്ദലിഫ യാത്രയും ജംറകളിലെ കല്ലേറുമൊക്കെ കുറച്ച് സാഹസം തന്നെയാണ്.

തുടർന്ന് ഞാനും ഭാര്യയും അനിയനും തുടർച്ചയായി ഹജ്ജിന് അപേക്ഷിക്കാൻ തുടങ്ങി. അഞ്ചാം കൊല്ലം പോകാം, കാശ് റെഡിയാക്കം എന്ന പ്രതീക്ഷയിൽ. പക്ഷേ, നാലാം കൊല്ലം നറുക്കെടുപ്പിൽ കിട്ടി. കാശ് റെഡിയായിരുന്നില്ല. പോകാതിരുന്നാലോ എന്നാണ് ആദ്യം തോന്നിയത്. ഒടുക്കം പോകാം എന്നുതന്നെ ഉറപ്പിച്ചു. കാശൊക്കെ സംഘടിപ്പിച്ചു. അടുത്തകൊല്ലം ജീവിച്ചിരിക്കും എന്ന് എന്താണ് ഉറപ്പ്? അങ്ങനെ 50 വയസ്സിനു മുമ്പ് ഹജ്ജ് ചെയ്തു. മഹാഭാഗ്യം! അടുത്തകൊല്ലംതൊട്ട് അഞ്ചു കൊല്ലം തുടർച്ചയായി അപേക്ഷിക്കുന്നവർക്കുള്ള മുൻഗണന എടുത്ത് കളയുകയും ചെയ്തു.

ഹജ്ജിന് ശേഷം സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ കീഴിൽ ഹജ്ജ് ഫീൽഡ് ട്രെയിനറായി സേവനം അനുഷ്ഠിക്കാനും ഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുന്നു. അപേക്ഷിച്ചിട്ട് കിട്ടാത്ത സങ്കടം പലരും പങ്കു വെക്കാറുണ്ട്. അപേക്ഷിച്ചിട്ടും കിട്ടാത്തത് അവരുടെ കുഴപ്പമല്ല. എന്നാൽ 'തടിയാലും മുതലാലും ആവത്' ഉണ്ടായിട്ടും ഹജ്ജിന് ഒരുങ്ങാത്ത ചിലരുണ്ട്. കുടുംബപരമായും തടസ്സമൊന്നുമില്ല. കൃഷി, തൊഴിൽ, കച്ചവടം തുടങ്ങിയവയൊക്കെ തൽക്കാലം ഏൽപിക്കാൻ ആളുമുണ്ട്. പിന്നെന്താണ് തടസ്സം? ഇനി ആരെയാണ് കാത്തുനിൽക്കുന്നത്?

ആളും അർഥവുമുണ്ടെങ്കിലും പരസഹായമില്ലാതെ ഒന്നും ചെയ്യാൻ കഴിയാത്ത നാൾ വരും. അതിനിടയ്ക്കെപ്പോഴോ മരണം വന്ന് വിളിക്കും. സമ്പത്ത് ബന്ധുക്കൾ വീതം വെക്കും. ഹജ്ജ് കടമായി ബാക്കിയാകും. നാളെ നാളെയെന്ന് നീട്ടിവെക്കാൻ നമ്മുടെ ആയുസ്സിന്റെ അവസാനം എന്നാണെന്ന് നമുക്കറിയില്ലല്ലോ. ■



WISDOM students



“അക്ഷര
വെളിച്ചത്തിനൊരു
കൈത്താങ്ങ്”

# വിദ്യാനിധി

## സ്കൂൾ കിറ്റ്

ഒരു കുട്ടിക്ക്
**₹800**

**പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:**

| | |
|---|---|
| Account | STATE BANK OF INDIA |
| Customer Name | : WISDOM ISLAMIC STUDENTS ORGANIZATION |
| Account Number | : 40078735595 |
| Branch Name | : PALAYAM |
| Branch IFSC | : SBIN0008635 |
| UPI ID | WISDOMISLAMICSTUDENTSCALICUT@SBI |

SCAN AND PAY

Collect Your Reciept
**7560 902 902**

**For Queries : 8281 083568, 9072 542 542**

Wisdom Islamic Students Organization
CV Complex, PV Sami Road, Kozhikode

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
22 JUNE 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# ഉടൻ പുറത്തിറങ്ങുന്നു.

**ഫലസ്തീനിന്റെയും യഹൂദരുടെയും ചരിത്രവും വർത്തമാനവും പ്രാമാണികമായി അപഗ്രഥിക്കുന്ന വേറിട്ട രചന**

WISDOM BOOKS




ഇപ്പോൾ ബുക്കു ചെയ്യുന്നവർക്ക്
200 രൂപയുടെ
പുസ്തകം
150 രൂപക്ക് *

*Parcel Charge Extra

**യഹൂദരും ഫലസ്തീനും**
**ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും**
**ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**




+91 7356 766 478
http://www.wisdombooksonline.com